2016 മെയ് 25
വാല്യം 09
ലക്കം 10

# ബിലീവേഴ്സ് ജേണൽ

BELIEVERS JOURNAL

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2015 - 17 Price Rs: 10/- Pages: 08

# ചർച്ച് ഓഫ് ഗോഡ് ഓവർസീയർ ഇലക്ഷൻ ജൂൺ 14ന്

## പാസ്റ്റർ സി. സി. തോമസും പാസ്റ്റർ പി. സി. ചെറിയാനും സ്ഥാനാർത്ഥികൾ


പാസ്റ്റർ സി. സി. തോമസ്


പാസ്റ്റർ പി. സി. ചെറിയാൻ

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ഓവർസീയർ തെരഞ്ഞെടുപ്പ് ജൂൺ 14ന് രാവിലെ മുളക്കുഴയിൽ നടക്കും. ഇന്ത്യയിൽ ആകമാനം കാലാവധി പൂർത്തിയാക്കിയ ഓവർസീയർമാർ സ്ഥാനം ഒഴിയുകയാണ്. പ്രിഫറൻസ് ബാലറ്റിൽ 66% വോട്ട് വാങ്ങിയാൽ ഓവർസീയർമാർക്ക് തൽസ്ഥാനത്ത് തുടരാം. സെൻട്രൽ വെസ്റ്റ് റീജിയൻ ഓവർസീയറെ മാറ്റിനിർത്തി തെരഞ്ഞെടുപ്പിലൂടെ പാസ്റ്റർ ബെനിസൺ മത്തായി തൽസ്ഥാനത്തേക്ക് എത്തിയിരുന്നു. ആന്ധ്രയിലും തമിഴ്നാട്ടിലും ഓവർസിയർമാർ വിശ്വാസവോട്ടുനേടി ഭൂരിപക്ഷം തെളിയിച്ചതിനാൽ അവർക്ക് തുടരാനാകും. കൽക്കട്ട ആസ്ഥാനമാക്കിയുള്ള സെൻട്രൽ ഈസ്റ്റേൺ റീജിയൻ, കേരള റീജിയൻ (പാക്കിൽ), കേരള സ്റ്റേറ്റ് (മുളക്കുഴ) എന്നിവിടങ്ങളിൽ ജൂൺ 14,15,16 തീയതികളിൽ യഥാക്രമം തെരഞ്ഞെടുപ്പ് നടത്തും. ഈ മൂന്ന് ഇടങ്ങളിലും ഓവർസീയർമാർ മാറാനാണ് സാദ്ധ്യത. ശക്തമായ ഭരണവിരുദ്ധ വികാരം അലയടിക്കുന്ന പാക്കിലും മുളക്കുഴയിലും ഭരണമാറ്റം ഉറപ്പാണ്. സ്ഥലമാറ്റത്തിലെ പിടിപ്പുകേട്, സഭാ പിളർപ്പുകൾ, ഗുണ്ടായിസം, സംഘർഷങ്ങൾ, ആത്മീക മുരടിപ്പ് തുടങ്ങിയ പ്രശ്നങ്ങൾ തെരഞ്ഞെടുപ്പിൽ ചർച്ചയാകും.

കൽക്കട്ടയിൽ ഓവർസീയർ പാസ്റ്റർ കെ. എം. തങ്കച്ചന്റെ മകൻ പാസ്റ്റർ ഷിബു തങ്കച്ചനെയാണ് ഓവർസീയർ സ്ഥാനത്തേക്ക് പരിഗണിക്കുന്നത്. സീനിയർ പാസ്റ്റർമാരായ ബെന്നി, ജോൺകുട്ടി എന്നിവരെ മറികടന്നാണ് ഈ നീക്കം. കേരളാ റീജിയണിൽ പാസ്റ്റർ കെ. സി. സണ്ണിക്കുട്ടി എതിരില്ലാതെ തെരഞ്ഞെടുക്കപ്പെടാനാണ് സാദ്ധ്യത. കേരളാ സ്റ്റേറ്റിൽ ഓവർസീയറുടെ വയസ്സ് സംബന്ധിച്ച വിവാദം കത്തിപ്പടരുകയാണ്. ഇനി ഒരു ടേം കൂടി ഓവർസീയറാകാൻ വയസ്സ് അനുവദിക്കുന്നില്ല എന്ന ക്രമപ്രശ്നം ഒരു വിഭാഗം ഉയർത്തിക്കാണിക്കുന്നു. പാസ്റ്റർമാരായ കെ. എ. ഉമ്മൻ, ഈപ്പൻ ചെറിയാൻ, കെ. എം. ബേബി എന്നിവരെ പ്രായത്തിന്റെ സാങ്കേതികത്വം പറഞ്ഞ് കൗൺസിൽ ഇലക്ഷനിൽ നിന്ന് മാറ്റി നിർത്തിയിരുന്നു. ഇരുപതിലധികം ഡിസ്ട്രിക്ട് പാസ്റ്റർമാരെ കാലാവധി പൂർത്തിയാകും മുമ്പ് നിർബന്ധിത റിട്ടയർമെന്റ് നൽകിയിരുന്നു. ഇതെല്ലാം ചൂണ്ടികാണിച്ച് പുതിയ വിവാദം കൊഴുക്കുകയാണ്.

സെമിനാരി അഡ്മിനിസ്ട്രേറ്റർ, വൈ. പി. ഇ. പ്രസിഡന്റ്, കൗൺസിൽ മെമ്പർ, ഡിസ്ട്രിക്ട് പാസ്റ്റർ എന്നീ നിലകളിൽ മികച്ച പ്രകടനം നടത്തിയ പാസ്റ്റർ സി. സി. തോമസിന് അനുകൂലമായ കാലാവസ്ഥയാണ് ഉരുത്തിരിയുന്നത്. ഭരണത്തിൽ അസംതൃപ്തരായ ശുശ്രൂഷകന്മാർ സംഘടിതമായ നീക്കങ്ങൾ നടത്തുകയാണ്. ഭരണപാടവം, മിഷൻ വൈദഗ്ധ്യം, ജനകീയ സ്വീകാര്യത, ആർദ്രത ഇതെല്ലാം പ്രചരണ വിഷയങ്ങളായിരിക്കും. വേൾഡ് മിഷന്റെ പിന്തുണ സി. സി. തോമസിനാണ്.

മത്സരം ഒഴിവാക്കുവാൻ അണിയറയിൽ നടക്കുന്ന അനുരഞ്ജന ചർച്ചകൾ വിജയം കാണും എന്ന് പ്രതീക്ഷിക്കുകയാണ് ഒരു വിഭാഗം. സഭയുടെ ഐക്യത നിലനിർത്തുവാൻ ഇത് അനിവാര്യമാണ്. ഇതിനിടയിൽ വിശ്വാസികൾക്ക് ഓവർസീയർ ഇലക്ഷനിൽ വോട്ടവകാശം വേണമെന്ന ആവശ്യം വേൾഡ് മിഷൻ തള്ളിക്കളഞ്ഞതായി അറിയുന്നു.

# പാസ്റ്റർ കെ.സി.തോമസ് വീണ്ടും ഐ.പി.സി സ്റ്റേറ്റ് പ്രസിഡന്റ്


പാസ്റ്റർ കെ.സി. തോമസ്


പാസ്റ്റർ ഷിബു നെടുവേലിൽ


ജോയി താനുവേലിൽ


പാസ്റ്റർ രാജു പൂവക്കാല


പാസ്റ്റർ സി.സി. ഏബ്രഹാം


മോനി കരിക്കം

**കുമ്പനാട് (തിരുവല്ല):** ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭയുടെ സ്റ്റേറ്റ് പ്രസിഡന്റായി പാസ്റ്റർ കെ. സി.തോമസും (തിരുവനന്തപുരം) സെക്രട്ടറിയായി പാസ്റ്റർ ഷിബു നെടുവേലിലും (കുമ്പനാട്) തിരഞ്ഞെടുക്കപ്പെട്ടു. നിലവിലുള്ള സ്റ്റേറ്റ് പ്രസിഡന്റും ജോയിന്റ് സെക്രട്ടറിയുമായിരുന്നു ഇവർ. ഔദ്യോഗിക ഭാരവാഹികളെ കൂടാതെ 78 സഭാ കൗൺസിൽ അംഗങ്ങളെയും 23 ജനറൽ കൗൺസിൽ അംഗങ്ങളെയും സംസ്ഥാനത്തെ 11 നിയോജകമണ്ഡലങ്ങളിൽ നിന്നായി തിരഞ്ഞെടുത്തു. മറ്റ് ഭാരവാഹികൾ : പാസ്റ്റർ രാജു പൂവക്കാല തിരുവല്ല (വൈസ്പ്രസിഡന്റ്), പാസ്റ്റർ സി. സി.ഏബ്രഹാം വടശ്ശേരിക്കര, മോനി കരിക്കം കൊട്ടാരക്കര (ജോയിന്റ് സെക്രട്ടറിമാർ), ജോയി താനുവേലിൽ കോട്ടയം (ട്രഷറാർ).

തലവടി ഇടയത്ര പരേതരായ കെ.ജി ചാക്കോയുടെയും ശോശാമ്മ ചാക്കോയുടെയും മകനാണ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ കെ.സി തോമസ് (67 വയസ്സ്). റാന്നി സെന്റ് തോമസ് കോളേജിൽ നിന്നും ബിരുദം എടുത്ത ശേഷം വടവാതൂർ ഷാലോം ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും വേദപഠനം പൂർത്തിയാക്കി. കൺവൻഷൻ പ്രസംഗകൻ, ബൈബിൾ കോളേജ് അദ്ധ്യാപകൻ, എഴുത്തുകാരൻ, സംഘാടകൻ, ടിവി പ്രഭാഷകൻ എന്നി നിലകളിൽ പ്രസിദ്ധനാണ്. ഐ.പി.സിയുടെ നിലവിലുള്ള സ്റ്റേറ്റ് പ്രസിഡന്റും തിരുവനന്തപുരം വെസ്റ്റ് സെന്റർ പാസ്റ്ററും പേരൂർക്കട ഫെയ്ത്ത് സെന്റർ സഭയുടെ സീനിയർ പാസ്റ്ററുമാണ്. ഐ.പി.സി സ്റ്റേറ്റ് സെക്രട്ടറി, വൈസ് പ്രസിഡന്റ്, സഭയുടെ യുവജനവിഭാഗമായി പി.വൈ.പി.എയുടെ പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

ഭാര്യ: റെയ്ച്ചൽ തോമസ്. മക്കൾ: സൂസൻ ബോബി, ടൈറ്റസ്, ഫേബാ ഷിജോ, ശേബാ സാബു. ഐ.പി.സി മുൻ ജനറൽ പ്രസിഡന്റ് പാസ്റ്റർ കെ.സി ജോൺ സഹോദരനാണ്.

മാരാമൺ നെടുവേലിൽ പരേതരായ എൻ.ജെ.മാത്യുവിന്റെയും തങ്കമ്മ മാത്യുവിന്റെയും മകനാണ് പാസ്റ്റർ ഷിബു നെടുവേലിൽ (58); കോഴഞ്ചേരി സെന്റ് തോമസ് കോളേജിലെ പഠനത്തിനുശേഷം മുംബൈയിൽ ജോലിചെയ്യുമ്പോഴാണ് സുവിശേഷവേലക്കായി ഇറങ്ങുന്നത്. വടവാതൂർ ഷാലോം, കുമ്പനാട് ഹെബ്രോൻ എന്നിവിടങ്ങളിൽ ദൈവവചനം പഠിച്ചു. ബർശേബാ തിയോളജിക്കൽ കോളേജ്, വചനപോഷിണി മാസിക, ബർശേബാ ചൈൽഡ് ഡെവലപ്മെന്റ് സെന്റർ എന്നിവയുടെ ഡയറക്ടർ ആണ്. കുമ്പനാട് സെന്റർ അസോസിയേറ്റ് പാസ്റ്റർ, പി. വൈ.പി.എ എക്സിക്യൂട്ടീവ്,

06



# കേരളം പതിവ് തെറ്റിച്ചില്ല: ഇടതുപക്ഷം അധികാരത്തിൽ



ഇടതിനെയും വലതിനെയും മാറിമാറി ഭരിക്കുന്ന കേരളത്തിന്റെ പതിവിന് മാറ്റമില്ല. ഉമ്മൻചാണ്ടിയുടെ അവകാശവാദങ്ങളെ തള്ളിക്കളഞ്ഞ് ഇടതുപക്ഷം ശക്തമായ തിരിച്ചുവരവ് നടത്തിയിരിക്കുന്നു. പോളിങ്ങിനുശേഷം പുറത്തുവന്ന എക്സിറ്റ് പോൾ ഫലങ്ങളെ ശരി വെക്കുംവിധം യു. ഡി. എഫ് തകർന്നടിഞ്ഞ കാഴ്ചയാണ് എങ്ങും. ഉമ്മൻചാണ്ടിയുടെ അടുത്ത അനുയായികൾക്കേറ്റ തിരിച്ചടി ആരും പ്രതീക്ഷിക്കാത്ത നിലയിലായി.


അഴിമതി, സ്വജനപക്ഷപാതം, വർഗ്ഗീയ പ്രീണനം, തൊഴുത്തിൽ കുത്ത് ഇവയെല്ലാം കൂടിച്ചേർന്നപ്പോൾ ഉമ്മൻചാണ്ടി ഭരണത്തിന് അറുതിയായി. സരിതയും സോളാറും ബാർകോഴയും ഭൂമി തട്ടിപ്പും വിദ്യാഭ്യാസവകുപ്പിന്റെ നിലപാടുകളും എല്ലാം ഈ മന്ത്രി സഭയ്ക്ക് വരുത്തിയ കളങ്കം ജനം മറന്നില്ല എന്നതിന് തെളിവാണ് ഇക്കുറി ഉണ്ടായ ജനവിധി.

വി. എസ്. അച്യുതാനന്ദനെ മുമ്പിൽ നിർത്തി പോരാട്ടം നയിക്കുവാൻ മാർക്സിസ്റ്റ് പാർട്ടി തയ്യാറായതും പിണറായി വിജയന്റെ സമർത്ഥമായ നീക്കങ്ങളും കൂടിച്ചേർന്നപ്പോൾ ഇടതുപക്ഷ വിജയം അനായാസേന സാധ്യമായി. ന്യൂനപക്ഷ വോട്ടുകൾ ഇടതുപക്ഷത്തേക്ക് തിരിഞ്ഞു എന്നത് വൻവിജയത്തിന് കാരണമായി എന്നതിന് സംശയമില്ല. കേരളത്തിലെ പെന്തെക്കോസ്ത് സമൂഹത്തിന്റെ ഭൂരിപക്ഷ പിന്തുണയും ഇക്കുറി ഇടതുപക്ഷത്തിനായിരുന്നു എന്ന് നിസംശയം പറയാം. അഴിമതി രഹിത ഭരണം എന്ന ആവശ്യം ജനങ്ങളുടെയിടയിൽ ശക്തമായിരുന്നു. യു. ഡി. എഫ്. ഗവൺമെന്റിനെതിരെ ഉയർന്ന അഴിമതി ആരോപണങ്ങൾ ശരിയാണെന്ന് സാധാരണക്കാർ വിശ്വസിച്ചിരുന്നു എന്നതാണ് യാഥാർത്ഥ്യം.

മുസ്ലീം ലീഗിന്റെ അഞ്ചാം മന്ത്രി മുതൽ ആരംഭിച്ച വർഗ്ഗീയ വിവാദങ്ങളുടെ തുടർച്ചയായി ഭൂരിപക്ഷ വിഭാഗങ്ങൾ ഭരണത്തിനെതിരായി. കൊട്ടിഘോഷിച്ച് തുടക്കം കുറിച്ച ബി. ഡി. ജെ. എസിന് ഇലക്ഷൻ വിജയത്തിൽ പറയത്തക്ക സ്വാധീനം ചെലുത്താനോ എൻ. ഡി. എ.യ്ക്ക് കരുത്ത് പകരാനോ സാധിച്ചിട്ടില്ല. നേമത്തെ വിജയം ബി. ജെ. പിക്ക് അഭിമാനമായെങ്കിലും പ്രതീക്ഷയ്ക്കൊത്ത വിജയത്തിലെത്തുവാൻ അവർക്കും കഴിഞ്ഞില്ല. ഒ. രാജഗോപാലന്റെ വ്യക്തിപരമായ വിജയത്തിനുപിന്നിൽ തന്റെ വ്യക്തിപ്രഭാവം ഒരു പരിധി വരെ തുണയായി.

പിണറായി വിജയന്റെ നേതൃത്വത്തിൽ ശക്തമായ ഒരു ഭരണം ഇടതുപക്ഷം കാഴ്ചവയ്ക്കും എന്ന് പ്രതീക്ഷിക്കാം.

## സാക്ഷി



യു. ഡി. എഫ് സ്ഥാനാർത്ഥികൾ പരാജയപ്പെടുവാൻ കാരണമെന്ത്?

*എൽ. ഡി. എഫ്. സ്ഥാനാർത്ഥികൾ കൂടുതൽ വോട്ടുകൾ നേടിയതുകൊണ്ട്*

ബിലീവേഴ്സ് ജേണൽ
പത്രാധിപ സമിതി
രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്
ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ
വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്
ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു
മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്
ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി
സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ
കണ്ടങ്കേരിൽ
കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു
മലബാർ കോർഡിനേറ്റർ
പാസ്റ്റർ സജി നെടുങ്കണ്ടം

**ബിലീവേഴ്സ് ജേണൽ**
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 150 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ആയുഷ്കാലം: 2000 രൂപ
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

**വരിസംഖ്യ അയയ്ക്കേണ്ട വിലാസം**
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in

**അറിയിപ്പ്**

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ

# ഐക്യതയോടെ മുന്നേറാം






ബ്രദർ രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

ഇന്ത്യയിലെ ഏറ്റവും വലിയ പ്രസ്ഥാനമായ ഐ. പി. സി.യുടെ കേരളാ സ്റ്റേറ്റ് ഇലക്ഷൻ ഫലം വന്നല്ലോ. പ്രതീക്ഷിച്ചതിൽ നിന്നും വലിയ വിജയത്തോടെ പാസ്റ്റർ കെ. സി. തോമസ് നേതൃത്വം നൽകിയ പാനൽ വിജയം വരിച്ചു. ഫിലിപ്പ് പി. തോമസ് പക്ഷത്തിന് ഇത്രയും കനത്ത പരാജയം ആരും പ്രതീക്ഷിച്ചിരുന്നില്ല. ശക്തമായ ജനാധിപത്യ സംവിധാനം നിലനിൽക്കുന്ന ഐ. പി. സി.യിൽ നടന്ന ഈ തെരഞ്ഞെടുപ്പ് ശ്രദ്ധാപൂർവ്വമാണ് എല്ലാവരും വീക്ഷിച്ചിരുന്നത്. എന്നും നിലപാടുകളുടെ പേരിൽ ശക്തമായ മത്സരമാണ് ഇവിടെ നടന്നുവരാറുള്ളത്. പുതിയ തെരഞ്ഞെടുപ്പ് പരിഷ്കരണത്തിന്റെ ഭാഗമായി നിയോജക മണ്ഡലം തിരിച്ച് നടത്തിയ ആദ്യ തെരഞ്ഞെടുപ്പുകൂടിയായിരുന്നല്ലോ ഇത്. ഈ പരിഷ്കരണം വിജമായിരുന്നു എന്നതിന് സംശയം വേണ്ട. കേരളത്തിന്റെ തെക്കുമുതൽ വടക്കുവരെയുള്ള ശുശ്രൂഷകരും സഭാപ്രതിനിധികളും ഹെബ്രോൻപുരത്ത് വോട്ടിംഗിനായി എത്തുമ്പോൾ ഉണ്ടാകുന്ന അസൗകര്യങ്ങളും തിരക്കും ഒഴിവാക്കുവാൻ ഈ പരിഷ്കരണത്തിലൂടെ സാധിച്ചു എന്നത് എടുത്തു പറയേണ്ട വസ്തുതയാണ്. മാത്രമല്ല കാസർകോഡ് നിന്നുള്ള സ്ഥാനാർത്ഥിയെ പരിചയമില്ലെങ്കിലും കളിയിക്കവിളയിൽ നിന്നെത്തുന്ന വോട്ടർ പാനലിന്റെ പേരിൽ വോട്ട് നൽകുന്ന രീതി ഇതോടെ മാറി. അതാത് ജില്ലകളിൽ പേരും സാക്ഷ്യവും ഇല്ലാത്തവർക്ക് പിടിച്ചുനിൽക്കുവാൻ കഴിയില്ല. അതുകൊണ്ട് തന്നെ കഴിവും പ്രാപ്തിയും ഉള്ളവർ കൗൺസിലിൽ എത്തുവാൻ കാരണമാകും. കാലഘട്ടത്തിനനുസൃതമായ പരിഷ്കാരങ്ങൾ ഇനിയും സഭാ തെരഞ്ഞെടുപ്പിൽ വരുത്തേണ്ടതുണ്ട്. സഭയുടെ പൊതു നന്മ ലാക്കാക്കി പ്രവർത്തിക്കുവാൻ കൗൺസിലിന് കഴിയണം. അവിടെ വിഭാഗീയതയും സ്വജനപക്ഷപാതവുമൊക്കെ വെടിഞ്ഞ് പ്രവർത്തിക്കുവാൻ നേതാക്കന്മാർ തയ്യാറാകണം.

നിലപാടുകളുടെ പേരിൽ പക്ഷം തിരിഞ്ഞ് പോരാടിയെങ്കിലും ഇനിയും സഭയുടെ അഭിവൃദ്ധിക്കായി ഒന്നിച്ചു നിന്ന് പ്രവർത്തിക്കുവാൻ ഇരുപക്ഷവും തയ്യാറാകണം. വൻ ഭൂരിപക്ഷം ലഭിച്ചു എന്നതുകൊണ്ട് മാത്രം എതിർപക്ഷത്തെ തള്ളിക്കളയരുത്. എല്ലാവരെയും ഉൾക്കൊണ്ടും അംഗീകരിച്ചും സഭയുടെ അഭിവൃദ്ധിക്കായും പ്രവർത്തിക്കണം.

ഭാരതത്തിലെ മാറിവരുന്ന രാഷ്ട്രീയ സാമുദായിക സാഹചര്യങ്ങളിൽ ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയ്ക്ക് വലിയ ഉത്തരവാദിത്വം ഉണ്ട് എന്നത് മറക്കരുത്. സുവിശേഷീകരണത്തിനും സഭാസ്ഥാപനത്തിനുമായി ഉണർന്ന് പ്രവർത്തിക്കേണ്ട കാലമാണിത്. പണ്ടത്തെപ്പോലെ നല്ലൊരു കാലം ദൈവം നമ്മുടെ സഭകളിൽ നൽകുവാൻ നാം പ്രാർത്ഥിക്കേണം. പരിശുദ്ധാത്മ നിറവും കൃപാവര ശുശ്രൂഷകളും ശക്തമായ ഉപദേശവും സഭയിൽ ഒരുപോലെ നടക്കണം. ആത്മശക്തിയാൽ ദേശത്ത് വിടുതൽ സംഭവിക്കണം. ജനം മാനസാന്തര അനുഭവത്തിലേക്ക് വരണം. അതുകൊണ്ട് തന്നെ ആത്മീയ ശുശ്രൂഷകൾക്ക് പ്രാധാന്യം കൊടുക്കുകയും ദൈവവചനത്തിന് അടിസ്ഥാനം ഇട്ട് മുമ്പോട്ട് പോകുകയും വേണം. പകയും ഭിന്നതയും അനൈക്യവും എല്ലാം വെടിഞ്ഞ് ക്രിസ്തുവിന്റെ വയലിൽ തോളോട് തോൾ ചേർന്ന് പ്രവർത്തിക്കുവാൻ നമുക്ക് കഴിയണം.

നിലപാടുകളിലും അഭിപ്രായങ്ങളിലും വ്യത്യസ്തത ഉണ്ടാകാം. എന്നാൽ അഭിപ്രായത്തിലെ വ്യത്യസ്തതയും നിലപാടുകളും വ്യക്തിബന്ധത്തെ ബാധിക്കുകയോ ഐക്യതയ്ക്ക് ഭംഗം വരുവാൻ കാരണം ആകുകയോ അരുത്.

സ്ഥാനമാനങ്ങൾ ലഭിച്ചവർ മറ്റുള്ളവരുടെ നന്മയ്ക്കായി അത് ഉപയോഗിക്കണം. സഭയെ ഐക്യതയുടെ ചരടിൽ കോർത്തിണക്കി ശക്തമായി നയിക്കുവാൻ കഴിയുന്ന നേതൃത്വമാണ് ഇന്നിന്റെ ആവശ്യം. ഇന്ത്യയിലെ പെന്തെക്കോസ്ത് പ്രസ്ഥാനങ്ങൾക്ക് നായകത്വം വഹിക്കുവാനും ദിശാബോധം നൽകുവാനും കഴിയത്തക്ക നിലയിൽ പ്രസ്ഥാനത്തെ വളർത്തിയെടുക്കുവാൻ നേതൃത്വത്തിന് കഴിയണം. പുതിയ ഭരണസമിതിക്ക് എല്ലാവിധമായ ആശംസകളും നേരുന്നു.

**യുവജന പംക്തി**

# എഴുന്നേറ്റു പണിയുക (നെഹ: 1:3)



ബിനു ജോസഫ്
വടശ്ശേരിക്കര

യെരുശലേമിന്റെ മതിൽ ഇടിഞ്ഞും അതിന്റെ വാതിലുകൾ തീ വെച്ചു ചുട്ടും കിടക്കുന്നു...(The wall of jerusalem also is broken down, and the gates thereof are burned with fire. രാജകൊട്ടാരത്തിൽ ജോലിക്കാരനായിരുന്ന നെഹമ്യാവിന് യെരുശലേം തകർന്നു എന്ന വാർത്ത ദുഃഖം ഉളവാക്കി. എങ്ങനെയെങ്കിലും ഇടിഞ്ഞ മതിലുകൾ - തീവെന്ത വാതിലുകൾ പണിയുവാൻ നെഹമ്യാവ് തീരുമാനിച്ചു. ദൈവാലയമുള്ള യെരുശലേമിന്റെ വാതിലുകൾ തകർന്നാൽ വരാൻ പോകുന്ന വിപത്ത് നന്നായി മനസിലാക്കുവാനുള്ള ആത്മീയ കാഴ്ചപ്പാട് നെഹമ്യാവിനുണ്ടായിരുന്നു. 'ആലയത്തെ കൊള്ളയടിക്കുന്നവർ' പൊളിഞ്ഞ വാതിലും തകർന്ന മതിലും ആലയത്തെ കൊള്ളയടിക്കാൻ കാരണമാകും. ഇന്ന് മതിൽ പണിയേണ്ടവർ തന്നെ സഭയുടെ മതിലുകൾ പൊളിക്കുകയാണ്. പൊളിച്ചിട്ട് ഉള്ളിൽ രാഷ്ട്രീയം, സമുദായം, ധനം, പ്രശസ്തി ഇങ്ങനെ പലതിന്റെയും പേരിൽ മതിലുകൾ പണിതിരിക്കുന്നു. സഭയിലെ വചനത്തിന്റെയും വിശുദ്ധിയുടെയും പുറം മതിലുകൾ തകർത്തത് വിശുദ്ധർ എന്ന പേരുള്ളവർ തന്നെയാണ്.

ആലയത്തെ കച്ചവടകേന്ദ്രമാക്കിയത് കണ്ട് യേശു ചാട്ടവാർ എടുത്തു, എന്നാൽ ഇന്ന് കർത്താവ് അതിന് തുനിയുകയില്ല. മറിച്ച് ചില നെഹമ്യാവുമാരെ ദൈവം എഴുന്നേൽപ്പിക്കുന്നു. ഉള്ളിൽ വേദനയുള്ള നെഹമ്യാവുമാരെ ദൈവം നോക്കുന്നു. ആലയം എന്നും ദൈവാലയമായിരിക്കട്ടെ.

**'ആലയത്തെ പൊളിക്കുന്നവർ'**

ഇന്ന് ആലയത്തെ പൊളിക്കുന്നവർ അകത്തുള്ളവർ തന്നെയാണ്. സഭ എന്ന വാക്കിന്റെ അർത്ഥവ്യാപ്തി നാം നന്നായി അറിയണം. ഒരു ശുശ്രൂഷകനും കുറെ വിശ്വാസികളും ചേരുന്നതല്ല സഭ. കാലാകാലങ്ങളിലായി ദൈവത്താൽ വേർതിരിക്കപ്പെട്ടവരുടെ കൂട്ടം ആണ് സഭ. ഓരോ കാലഘട്ടത്തിലും ദൈവം സഭയെ പണിയുവാനായി നെഹമ്യാവുമാരെ എഴുന്നേൽപിക്കാറുണ്ട്. അവർക്ക് ലഭിച്ച ആത്മീയ കാഴ്ചപ്പാടിന്റെ പരമാവധിയാണ് ദൈവം നോക്കുന്നത്.

1517-ൽ മാർട്ടിൻ ലൂഥർ എന്ന ദൈവഭൃത്യൻ അക്കമിട്ട് 95 കാര്യങ്ങൾ ഇന്നത്തെ കത്തോലിക്ക സഭക്കെതിരെ നിരത്തിയപ്പോൾ തന്നെ ഒരു കുറ്റവാളിയായാണ് സഭ കണ്ടത്. എന്നാൽ തനിക്ക് ദൈവം നൽകിയ വെളിപ്പാടിന്റെ പരമാവധി നടപ്പിലാക്കുവാനാണ് മാർട്ടിൻ ലൂഥർ ശ്രമിച്ചത്. അതു തന്നെയായിരുന്നു വേർപ്പാടു (Protestantism) സഭകളുടെ തുടക്കവും. എന്റെ നീതിമാൻ വിശ്വാസത്താൽ ജീവിക്കും എന്ന വചനമാണ് തന്റെ കണ്ണ് തുറപ്പിച്ച ലൂഥർ തുടങ്ങി വെച്ച ഉണർവ്വിന്റെ അലകൾ ലോകരാജ്യങ്ങളിലേക്ക് വ്യാപിച്ചു. അനേകർ കത്തോലിക്കാസഭവിട്ട് വേർപ്പെട്ട കൂട്ടങ്ങളിലേക്ക് ഒഴുകി. അവർക്ക് ലഭിച്ച ആത്മീയ സ്വാതന്ത്ര്യത്തിൽ ജീവജലം മതിയാകുവോളം നുകർന്നു.

**'ആലയത്തെ പണിയുവാൻ'**

ദൈവസഭയുടെ മതിലുകൾക്ക് ഇടിവ് സംഭവിക്കുമ്പോൾ അതിനെ കെട്ടി പണിയുവാൻ ദൈവം ചിലരെ നോക്കുന്നു. കഴിവും സാമർത്ഥ്യവുമല്ല ദൈവം നോക്കുന്നത്, മറിച്ച് ദൈവാലയത്തെ പറ്റി എരിവുള്ളവരെയാണ്. അതുകൊണ്ട് തന്നെയാണ് നെഹമ്യാവിനെ ദൈവം കണ്ടത്.

ഈ കാലഘട്ടത്തിലും ദൈവം നോക്കുന്നത് നെഹമ്യാവിനെ പോലെയുള്ള ചിലരെയാണ്. ദൈവസഭയെ കൊള്ളയടിക്കുകയും വില്പന ചരക്കാക്കുകയും ചെയ്യുന്നവരുടെ ഇടയിൽ വ്യത്യസ്തരായ ചിലരെ ദൈവം നോക്കുന്നു.

ആലയം പണി തടയുന്ന സൻബല്ലത്തും തോബിയാവു ഇന്ന് നമ്മുടെ ഇടയിൽ തന്നെയുണ്ട്. ദൈവസഭയെ പണിയുവാൻ എല്ലാ കാലഘട്ടത്തിലും ദൈവം പലരെയും എഴുന്നേൽപ്പിക്കാറുണ്ട്. പ്രവാചകന്മാർ എല്ലാവരും അത്തരത്തിൽ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരാണ്. ഈ കാലഘട്ടത്തിലും ദൈവം ചിലരെ എഴുന്നേല്പിച്ചിട്ടുണ്ട്. ഇനിയും അനേകർ എഴുന്നേൽക്കാനുണ്ട്. മാർട്ടിൻ ലൂഥറിന്റെ അനുയായികൾ ഇന്ന് ലൂഥറനിസം എന്നറിയപ്പെടുന്നു, എന്നാൽ ദൈവം കൊടുത്ത ദർശനവുമായി മറ്റനേകർ പുറത്തുവന്നപ്പോൾ പുത്തൻ ഉപദേശങ്ങളുമായി സഭകൾ ഉടലെടുത്തു.

സഭകൾ ജനത്തെ ദൈവവുമായി ബന്ധിപ്പിക്കുന്നവയാണ്. പുതിയ സഭകൾ ഉടലെടുക്കുന്നത് അംഗീകരിക്കാത്തവരും ആശങ്കയോടെ വീക്ഷിക്കുന്നവരും ഏറെയാണ്. എന്നാൽ ആശങ്കകൾ വേണ്ടെന്നതാണ് ശരി. പുതിയ സഭകൾ ചരിത്രത്തിന്റെ ഭാഗമാണ്. എന്റേതുമാത്രം സഭ എന്നു കരുതുന്നു ചിലരുണ്ട്. ബാക്കി ഒന്നും സഭ അല്ല പോലും? അത്തരത്തിൽ ഒരു പ്രഭാഷണം കഴിഞ്ഞ ദിവസങ്ങളിലായി നവമാധ്യമങ്ങളിൽ പ്രചരിച്ചിരുന്നു. സഭാചരിത്രം അറിയുന്ന ആരും ഇത്തരം അബദ്ധ പ്രചരണങ്ങൾ നടത്തി കൈയടി വാങ്ങാറില്ല.

**'ഉണർവ്വിന്റെ കാറ്റ്'**

ഉണർവ്വ് (Revivel) ഒരു യാഥാർത്ഥ്യമാണ്. ഉണർവ്വിന്റെ കാറ്റുകൾ എല്ലാ കാലത്തും ആഞ്ഞടിക്കും. ഉണർവ്വ് സഭയെയും വ്യക്തികളെയും പണിയുവാനാണ്. ഈ നൂറ്റാണ്ടിൽ ദൈവം നോക്കുന്നത് ചില യൗവനക്കാരെയാണ്. ദൈവത്തിന്റെ ശബ്ദമായി ഉണർവ്വിന്റെ വക്താക്കളായി ലോകമെങ്ങും പോകുവാൻ. "ആർ എനിക്കു വേണ്ടി പോകും ഞാൻ ആരെ അയക്കേണ്ടു" എന്ന ശബ്ദം വീണ്ടും മുഴങ്ങുന്നു. ഞാൻ പോകാം എന്ന സമർപ്പണവുമായി ആരുണ്ട്. "ഗ്രാമങ്ങളിൽ പട്ടണങ്ങളിൽ സുവിശേഷത്തിന്റെ നാളവുമായ് ക്രൂശിൽ എനിക്കായി യാഗമായ യേശുവിൻ സ്നേഹം ഉയർത്തിടാം". (തുടരും..)


# 08 അമേരിക്കൻ വീക്ഷണം.....

ശ്രമിച്ചത്.

സോഷ്യൽ മീഡിയ, ടെലിഫോൺ കമ്മ്യൂണിക്കേഷൻ, പത്രമാധ്യമങ്ങൾ മുതലായവയുടെ അഭൂതപൂർവ്വമായ വളർച്ച, വരാനുദ്ദേശിക്കുന്ന സന്ദർശകരുടെ ചരിത്രങ്ങൾ അമേരിക്കയിലെത്താൻ അധിക സമയം വേണ്ട. ഇവിടെ നിന്നും ലഭിക്കുന്ന കൈമടക്കുകൾ നാട്ടിൽ ചെന്ന് അത് എപ്രകാരം ചിലവഴിക്കുന്നു എന്നു പോലും ചോദിച്ചറിയാൻ പല ദൈവമക്കളും ശ്രമിക്കുന്നത് സാധാരണമായിട്ടുണ്ട്. അതുകൊണ്ട് പുതിയതായി കടന്ന് വരുന്ന സന്ദർശകർ കൂടുതൽ ജാഗ്രത പാലിക്കേണ്ടത് അനിവാര്യമാണ്. **(തുടരും...)**

## എനിക്കും പറയാനുണ്ട്

# ചില ഇടതുപക്ഷ ചിന്തകൾ



പാസ്റ്റർ സാംകുട്ടി മാത്യു
ചീഫ് എഡിറ്റർ

കേരളം ഒരു പൊതുതെരഞ്ഞെടുപ്പിനെ അഭിമുഖീകരിച്ചു. വിധി നിർണ്ണയവും കഴിഞ്ഞു. വൻവിജയത്തോടെ ഇടതുപക്ഷം ഭരണത്തിലേറുകയാണ്. കഴിഞ്ഞ അഞ്ചു വർഷത്തെ യു. ഡി. എഫ്. ഭരണത്തെക്കുറിച്ച് വിലയിരുത്തുമ്പോൾ ഒട്ടനവധി പുരോഗതി കേരളത്തിലുണ്ടായി എന്നതിന് സംശയമില്ല. അതിവേഗം ബഹുദൂരം എന്ന ഉമ്മൻ ചാണ്ടിയുടെ പ്രവർത്തന ശൈലി അനേകർക്ക് പ്രയോജനമായിരുന്നു എന്നതും യാഥാർത്ഥ്യം തന്നെ. ഉണർന്ന് പ്രവർത്തിച്ച ഉമ്മൻ ചാണ്ടിയുടെ ടീമിൽ പലരും പരാജിതരായി എന്നതാണ് യാഥാർത്ഥ്യം. അഴിമതി ആരോപണങ്ങൾ ഒന്നൊന്നായി ഉയർന്നുവന്നപ്പോൾ ജന മനസ്സുകളിൽ സംശയത്തിന്റെ മുൾമുന ഉയർന്നു. സോളാറും സരിതയും ബിജു രാധാകൃഷ്ണനും ശാലുമേനോനുമൊക്കെ സംശയത്തിന്റെ നിഴൽപാടിലേക്ക് യു. ഡി. എഫ്. മന്ത്രിസഭയെ മാറ്റി. ഓരോ അഴിമതിയും നിസാരവൽക്കരിച്ച ഉമ്മൻ ചാണ്ടിയുടെ നിലപാടുകൾ ജനം തള്ളിക്കളഞ്ഞിരിക്കുന്നു. ബാർകോഴ വിവാദവും മെത്രാൻ കായൽ പതിച്ചുകൊടുക്കുന്നതുമായി ബന്ധപ്പെട്ട് ഉണ്ടായ വിവാദം എല്ലാം ജനഹൃദയങ്ങളിൽ സംശയം വർദ്ധിപ്പിച്ചു. കോടതികൾ സംശയം പ്രകടിപ്പിച്ച കേസുകളിൽപോലും സഹമന്ത്രിമാരെ ന്യായീകരിച്ച ഉമ്മൻ ചാണ്ടിയുടെ നിലപാട് ജനത്തെ അകറ്റി.

ഇതിനിടയിൽ അഞ്ചാം മന്ത്രിസ്ഥാനം ആവശ്യപ്പെട്ട് മുസ്ലീം ലീഗ് നടത്തിയ സമ്മർദ്ദ തന്ത്രങ്ങളും നീക്കങ്ങളും വർഗ്ഗീയ ചേരിതിരിവ് സൃഷ്ടിച്ചു. അതിന്റെ മറവിൽ ഭൂരിപക്ഷ വർഗ്ഗീയത കുത്തിതിരുകുവാൻ ചിലർ സമർത്ഥമായി ശ്രമിക്കുകയും ചെയ്തു. അബ്ദുറബ്ബ് എന്ന വിദ്യാഭ്യാസ മന്ത്രിയുടെ ഭരണം അമ്പേ പരാജയമായി മാറിയെന്നു മാത്രമല്ല വർഗ്ഗീയമായ ചേരിതിരിവ് അതിലൂടെ ഉളവാകുകയും ചെയ്തു. സംശയനിഴലിൽ നിന്ന് മാറുവാൻ കഴിയാതെ തെരഞ്ഞെടുപ്പിനെ അഭിമുഖീകരിച്ചപ്പോൾ നേരിയ പ്രതീക്ഷയെങ്കിലും നിലനിർത്തുവാൻ കഴിഞ്ഞിരുന്നു. എന്നാൽ പെരുമ്പാവൂരിലെ ജിഷയുടെ കൊലപാതകത്തിലെ പ്രതികളെ കണ്ടുപിടിക്കുവാൻ കഴിയാതെയിരുന്നതും പോലീസിന്റെ അനാസ്ഥയും യു. ഡി. എഫ്. സർക്കാരിന്റെ ശവപ്പെട്ടിയിൽ അവസാന ആണിയും അടിക്കുവാൻ കാരണമായി.

ഇക്കുറി ചിലരുടെ തോൽവി സംഭവിക്കണമെന്ന് ആത്മാർത്ഥമായി ഒരു പൗരൻ എന്ന നിലയിൽ ആഗ്രഹിച്ചുപോയിട്ടുണ്ട്. അതിൽ പലരെയും ജനം തിരസ്കരിച്ചു. എന്നാൽ പാലായിലെ മാണിയുടെ വിജയം അമ്പരിപ്പിച്ചു. പൂഞ്ഞാറിൽ പി. സി. ജോർജ്ജിന്റെ വിജയം പ്രതീക്ഷിച്ചതുതന്നെയാണ്.

രാഷ്ട്രീയ നേതാക്കന്മാരിൽ ഇഷ്ടമുള്ള അനേകരുണ്ട്. അതിൽ പാർട്ടി വ്യത്യാസമൊന്നുമില്ല. എന്റെ പഠനകാലത്ത് എന്റെ രാഷ്ട്രീയ നേതാവ് കെ. കരുണാകരൻ ആയിരുന്നു. അക്കാലത്ത് ധാരാളം വിദ്യാർത്ഥി സമരങ്ങളിൽ സജീവവുമായിരുന്നു. അന്ന് എ. ഐ. ഇങ്ങനെ കോൺഗ്രസ് ഗ്രൂപ്പുകൾ പിരിഞ്ഞിരുന്നു എന്നു മാത്രമല്ല ആന്റണിയുടെ ഗ്രൂപ്പ് ഇടതുപക്ഷ പാളയത്തിലുമായിരുന്നു. അന്നും ഇന്നും മനസ്സിൽ ഒട്ടും താൽപര്യമില്ലാത്ത ഒരു നേതാവാണ് ശ്രീ. എ. കെ. ആന്റണി. എന്നാൽ ഉമ്മൻ ചാണ്ടിയെ വളരെ ഇഷ്ടമാണ്. തന്റെ ചടുലമായ പ്രവർത്തന ശൈലി ആരെയും ആകർഷിക്കും. അന്നും ഇന്നും കെ. കരുണാകരനെപ്പോലെ ഒരു നേതാവ് മനസ്സിൽ ഇടം നേടിയിട്ടില്ല. എന്റെ പഠനകാലത്ത് കെ. എസ്. യു. പ്രസിഡന്റായിരുന്നു ശ്രീ. രമേശ് ചെന്നിത്തല. യൂത്ത് കോൺഗ്രസ്സിന്റെ പ്രസിഡന്റായിരുന്നു യശ്ശ:ശരീരനായ ശ്രീ. ജി. കാർത്തികേയൻ. അക്കാലത്ത് ഇടതുപക്ഷത്തോട് അകൽച്ച ആയിരുന്നു മനസ്സിൽ. എവിടുന്നോ കയറിക്കൂടിയ മാക്സിസ്റ്റ് വിരോധം അങ്ങനെ തന്നെ മനസ്സിൽ പതിഞ്ഞുകിടന്നു. എന്നാൽ കാലങ്ങൾ പിന്നിട്ടപ്പോൾ പെന്തെക്കോസ്ത് സമൂഹത്തിന് ഇടതുപക്ഷം നൽകുന്ന പിന്തുണ ഒരു പുനർവിചിന്തനത്തിന് എനിക്ക് പ്രേരണ നൽകി.

ചില സന്ദർഭങ്ങളിൽ രാഷ്ട്രീയ നേതാക്കന്മാരെ സന്ദർശിക്കേണ്ടതായി വരാറുണ്ട്. അങ്ങനെ ചില സന്ദർഭങ്ങളിൽ സഖാവ് പിണറായി വിജയനുമായി സംസാരിക്കുവാൻ ലഭിച്ചിട്ടുള്ള അവസരങ്ങൾ അദ്ദേഹത്തെക്കുറിച്ചുള്ള എന്റെ കാഴ്ചപ്പാടുകൾക്ക് മാറ്റം വരുത്തും. വളരെ ഹൃദ്യമായും സ്നേഹത്തോടെയും ശാന്തമായി സംസാരിക്കുന്ന അദ്ദേഹം ഒരു പരുക്കനാണെന്ന് ഒരിക്കലും വിശ്വസിക്കുവാൻ കഴിയുകയില്ല. പെന്തെക്കോസ്ത് സമൂഹത്തെക്കുറിച്ച് അദ്ദേഹത്തിന് വ്യക്തമായ ധാരണയും ഉണ്ട്. ശ്രീ. വി. എസ്. അച്യുതാനന്ദനെക്കാൾ എന്തുകൊണ്ടും വിജയിക്കുവാൻ കഴിയുന്ന ഒരു മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ തന്നെയായിരിക്കും. കർക്കശമായ നിലപാടുകളും തീരുമാനങ്ങൾ നടപ്പിലാക്കുവാൻ കഴിയുന്ന ഭരണപാടവവും നേതൃത്വ ഗുണവും പിണറായി വിജയന് ഭരണത്തിൽ ഗുണകരമാകും എന്നാണ് എന്റെ നിരീക്ഷണം. യു. ഡി. എഫ്. സർക്കാരിന് സംഭവിച്ചതുപോലെ ഒരു പരാജയം ഈ സർക്കാരിന് ഉണ്ടാകുകയില്ല എന്ന് പ്രതീക്ഷിക്കാം. കാരണം വലിയ കക്ഷി ആയിരുന്നിട്ടും ഘടകകക്ഷികളുടെമേൽ യാതൊരു നിയന്ത്രണവും കോൺഗ്രസ്സിനില്ലായിരുന്നു. ഘടകകക്ഷികൾ മുഖാന്തിരം ഉണ്ടായ എല്ലാ പാപഭാരവും ചുമക്കേണ്ട ഗതികേട് കോൺഗ്രസ്സിനും ഉമ്മൻചാണ്ടിക്കും ഉണ്ടായി. കേരളാ ഗവൺമെന്റിന്റെ ബഡ്ജറ്റിന്റെ 70% ത്തിലധികം വിനിയോഗവും ഘടകകക്ഷികളുടെ വകുപ്പുകളിലായിരുന്നു. അതുകൊണ്ട് തന്നെ അഴിമതി കാര്യത്തിലും ഘടകകക്ഷികളായിരുന്നു മുന്നിൽ. പക്ഷെ ബലിയാടാകേണ്ടി വന്നത് ഉമ്മൻ ചാണ്ടിയും. എന്നാൽ ഇടതുപക്ഷ ഭരണത്തിൽ ആ കളി നടക്കില്ല. മാക്സിസ്റ്റ് പാർട്ടിയുടെ മേധാവിത്വം ഭരണത്തിലും രാഷ്ട്രീയ തലത്തിലും വിട്ടുകളയില്ല. അതുകൊണ്ട് നല്ലൊരു ഭരണം പ്രതീക്ഷിക്കാം. എല്ലാവിധമായ ആശംസകളും.

## വേദ പഠനം

# ഇടയ ലേഖനങ്ങൾ
# (The Pastoral Epistles)

### അദ്ധ്യായം –4 –തുടർച്ച–
### ദുരുപദേശങ്ങൾക്കു എതിരെ നൽകുന്ന മുന്നറിയിപ്പ്



എഡിസൺ തോമസ്
വേങ്ങൂർ, 9961336353

പെന്തെക്കോസ്തു നാൾ മുതൽ ഇന്നു വരെ സാത്താൻ ക്രിസ്തീയ ലോകത്തിൽ ഉണ്ടാക്കിയിട്ടുള്ള ഉപദേശങ്ങളും അതിനെ പിൻപറ്റുന്ന അനേക ദൈവദാസന്മാരും ഇവരുടെയൊക്കെ പ്രസംഗങ്ങളും പ്രവചനങ്ങളും ശ്രദ്ധിച്ചാൽ സത്യ ഉപദേശത്തെ കോട്ടിക്കളയുന്നതായി കാണാം. ഇവരൊക്കെ വചനത്തിൽ മായം ചേർത്തു വിളമ്പുകയാണ്. പാലിൽ വെള്ളം ചേർക്കുകയല്ലാ മറിച്ച് വെള്ളത്തിൽ പാൽ ചേർത്തു നൽകുകയാണ് ഇവരുടെ പദ്ധതി. യഥാർത്ഥ(സത്യ)വചനങ്ങൾ എന്നു തോന്നിപ്പിക്കുന്ന വിധത്തിലാണ് ഇവർ അവതരിപ്പിക്കുന്നത്. പേരിനും പെരുമയ്ക്കും വേണ്ടി ജനങ്ങളെ തെറ്റിക്കുകയാണ് ഇവരുടെ ജോലി. ക്രിസ്റ്റ്യൻവേൾഡ് എന്ന മാസികയിൽ ഒക്ടോബർ 1,2015–ൽ വന്ന ലക്കത്തിൽ കാഴ്ചയ്ക്കപ്പുറം എന്ന പംക്തിയിൽ ജോയ് നെടുങ്കുന്നം എഴുതിയത് 'പ്രാപിച്ചോ.... പ്രാപിച്ചോ.......ഇന്നാ പിടിച്ചോ.....' എന്ന തലക്കെട്ടിൽ എഴുതിയതിന്റെ ചില ഭാഗങ്ങൾ ഇവിടെ ഉദ്ധരിക്കുന്നു. "ഫയർ വിംഗ്സ് എന്താണെന്ന് എനിക്കറിയില്ല, ചിറകിനു തീപിടിച്ചതാണെന്നു മാത്രം അറിയാം, ചിറകിനു തീപിടിച്ചാൽ എന്തു പറ്റുമോ, അതു തന്നെ, കുറെ, വാലിനു തീപിടിച്ചവന്മാരുടെ പേക്കൂത്തുകൾ കണ്ടു മൂക്കത്തു കൈവെച്ചു പോയി.

"സുഗതന്റെ കെട്ടും സൂസമ്മയുടെ പൊട്ടും

അബ്രഹാമിന്റെ ജീർണ്ണിച്ച സാധനവും

ബ്ലൂ ചുരിദാർ പൊട്ടിക്കുന്നതും

ബാധ കേറിയ ഫയർമാനും

പതയില്ലാത്ത മൂത്രവും"

സിന്ദൂരം ഇട്ട ചേച്ചിയും ബുൾഗാൻ വെച്ച ആത്മാവും കസേരയെടുത്തു തോളിൽ തൂക്കി നടക്കുന്ന തൂവാല പ്രസംഗകനും എല്ലാം ചിറകിനു തീപിടിച്ചപോലെ. ...(കടപ്പാട്: ക്രിസ്റ്റ്യൻ വേൾഡ്, ഒക്ടോബർ 2015, കാഴ്ചയ്ക്കപ്പുറം, ജോയ് നെടുങ്കുന്നം, പേജ്.7) ഇത്തരം ശുശ്രൂഷകൾക്ക് നിരോധനവും നിയന്ത്രണവും ആവശ്യമാണ്, ഇല്ലായെങ്കിൽ ദൈവസഭ നശിച്ചു പോകുകയും ജാതികളുടെ മധ്യേ ദുഷിക്കപ്പെടുകയും ചെയ്യും. ഇന്നു ദൈവ സഭയ്ക്കു ഉപദേശ സംരക്ഷകരെയും വിശ്വാസസംരക്ഷകരെയും ആവശ്യമായി വന്നിരിക്കുകയാണ്. സഭയുടെ ആരംഭ ഘട്ടത്തിൽ ഇത്തരക്കാർ ഉണ്ടായിരുന്നതുകൊണ്ട് ക്രിസ്തീയ സഭ വളരുവാനും വർദ്ധിക്കുവാനും പ്രചരിക്കുവാനും ഇടയായി.

നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന അറിയൂസ് തുടങ്ങി കേരളത്തിൽ ജീവിച്ചിരുന്ന യുസ്തുസ് യോസഫും(വിദ്വാൻകുട്ടിയും) ഇന്നത്തെ ന്യൂജനറേഷൻ സഭകളുടെ വക്താക്കളായിരിക്കുന്ന തങ്കുവും തോമസുകുട്ടിയും ടിനു ജോർജും ടിജോ തോമസും ജോൺ താരുവും അനി ജോർജ്ജും ജോൺ ലോറൻസും സുജിത്ത് ജോസഫും ലോക പ്രസിദ്ധരായ ജോസഫ് പ്രിൻസും ബെന്നിഹിന്നും പോൾ യോംഗിച്ചോയും ജോയിസ് മേയറും ഇവരിൽ ചിലരാണ്, ഇവരുടെ ശുശ്രൂഷ കൊണ്ട് സഭയ്ക്കു വല്ല ഗുണമോ നേട്ടമോ ഉണ്ടായിട്ടുണ്ടോ സഭകൾ വർദ്ധിച്ചോ, ചുരുക്കത്തിൽ ഒന്നും ഉണ്ടായിട്ടില്ല മറിച്ച് അവരുടെ കീശ വീർത്തു. സഭയിൽ പ്രശ്നങ്ങളും തെറ്റിദ്ധാരണകളും വർദ്ധിച്ചു. വിശ്വാസികളുടെ വിശ്വാസത്തിനും പ്രാർത്ഥനയ്ക്കും വിശുദ്ധിക്കും കോട്ടം സംഭവിച്ചു. പരസംഗം, വ്യഭിചാരം വർദ്ധിച്ചു, തട്ടിപ്പ്, വഞ്ചന എന്നിവ കൂടിയതല്ലാതെ ഇവിടെയാതൊന്നും സംഭവിച്ചില്ല, സംഭവിക്കുന്നതുമില്ല, ന്യൂജനറേഷൻ പുതിയ തുരുത്തിയിൽ ദുരുപദേശം നൽകുന്നു എന്നു മാത്രം.

അതെ , ദുരുപദേശങ്ങൾ ദൈവമക്കളെ വഴി തെറ്റിക്കുകയും യഥാർത്ഥ ക്രിസ്തീയ ജീവിതത്തിൽ നിന്നും വിശ്വാസത്തിൽ നിന്നും മനഃപ്പൂർവ്വമായി മാറ്റി നിറുത്തുവാനും ശ്രമിക്കുകയാണ് ചെയ്യുന്നത്. ഇവരുടെ മുഖമുദ്ര കപടഭക്തിയും ദൈവവചനത്തെ നിരാകരിക്കുകയും സാത്താന്യ ശക്തികൾക്കും കീഴ്പ്പെട്ടു ജീവിക്കുക, സത്യവിശ്വാസം ത്യജിക്കുക, മനസ്സാക്ഷി തഴമ്പിച്ച് ഭാവഭേദങ്ങൾ തിരിച്ചറിയാതെ പോകുക എന്നിവയാണ് ഭാവിക്കാലത്തെ ലക്ഷണങ്ങൾ. സാത്താന്യാരാധന ഒരു പ്രധാനപ്പെട്ട ലക്ഷണമാണ്, ദൈവദാസൻ പാസ്റ്റർ പോൾ മലയടി തന്റെ പ്രസിദ്ധീകരണമാകുന്ന മിഷനറിനാദം എന്ന മാസികയിൽ പ്രസിദ്ധീകരിച്ച ഒരു ലേഖനത്തിന്റെ പ്രസക്തഭാഗങ്ങൾ ഇവിടെ ഉദ്ധരിക്കുന്നു. പ്രസ്തുത ലേഖനത്തിന്റെ തലക്കെട്ട് "ഞങ്ങൾ കണ്ട സാത്താനെ" ആരാധിക്കുന്ന സ്ഥലങ്ങൾ ഇറാക്കിലെ ഒരു പ്രത്യേക ഗോത്ര വിഭാഗം പരസ്യമായി പിശാചിനെ ആരാധിക്കുന്നതിനെ പറ്റിയാണ് പറയുന്നത്. യസ്സിദീസ് എന്ന പേരിലറിയപ്പെടുന്ന ഇക്കൂട്ടരുടെ വിശ്വാസങ്ങളും ആചാരങ്ങളും വളരെ വിചിത്രമാണ്. വെറും 30000–നും 40000–നും ഇടയിൽ ജനസംഖ്യയുള്ള ഇവർ പ്രാകൃത രീതിയിലാണ് ജീവിക്കുന്നത്. കൃഷി ചെയ്യുന്നവരും കന്നുകാലികളെ വളർത്തുന്നവരെയും പുരാതനക്കാലത്ത് പ്രാകൃതരായിട്ടാണ് കണക്കാക്കിയിരുന്നത്. എന്നാൽ ഇവർ സത്യസന്ധരും സമാധാനപ്രിയരും ആയിരുന്നു. ഇക്കൂട്ടർ രണ്ടു പ്രധാന ശക്തികളെയാണ് വിശ്വസിക്കുകയും ആരാധിക്കുകയും ചെയ്തു വന്നത്, ഒന്ന്, മാലിക് ഈശോ(യേശുക്രിസ്തു) അഥവാ ദൈവം രണ്ടാമത്തേത്, സാത്താൻ, ഈ രണ്ടു ശക്തികളും ഒന്നിടവിട്ടു പതിനായിരം വർഷം വീതം പ്രപഞ്ചത്തെ ഭരിക്കുന്നുയെന്നു ഇവർ വിശ്വസിക്കുന്നു. ഇപ്പോൾ സാത്താന്റെ ഭരണമാണ് നടക്കുന്നത്. അതുകൊണ്ടാണ് ഇപ്പോൾ സാത്താനെ ആരാധിക്കുന്നത്, ആര് ഭരിക്കുന്നുവോ കാര്യസാദ്ധ്യത്തിനായി ആ ശക്തിയെ കുമ്പിടുന്നു. ഇനിയും ആറായിരം വർഷം കൂടി കഴിയുമ്പോൾ സാത്താൻ ഭരിക്കുമെന്നും ഇവർ വിശ്വസിക്കുന്നു. പിന്നീട് മാലിക്ക് ഈശോ പ്രത്യക്ഷപ്പെടുമെന്ന് വിശ്വസിക്കുന്നു. ഈശോ അഥവാ യേശുക്രിസ്തു വന്നിട്ട് സാത്താനെ നരകത്തിലേക്കു തള്ളും. അവിടെ സാത്താനും കൂട്ടരും നരകയാതനകൾ അനുഭവിക്കും. അവസാനം സാത്താന്റെ എല്ലാ ദുഷ്പ്രവർത്തികളും ദൈവം ക്ഷമിക്കുകയും പഴയതുപോലെ ദൈവദൂതന്മാർ എന്ന പഴയ പദവി അവർക്കു നൽകുകയും ചെയ്യും. **(തുടരും..)**



# ചർച്ച് ഓഫ് ഗോഡിൽ നൂതന പരിഷ്കാരങ്ങൾ നിർദ്ദേശിച്ച് പാസ്റ്റർ പി. സി. ചെറിയാൻ ഓവർസീയർ സ്ഥാനാർത്ഥി

✪ മൂന്ന് അസിസ്റ്റന്റ് ഓവർസീയർമാർ, അവർക്ക് കീഴിൽ ഓരോ മേഖലകൾ ✪ പാസ്റ്റർമാരുടെ പ്രതിമാസ വരുമാനം പതിനായിരം രൂപയിൽ കുറയില്ല എന്ന് ഉറപ്പുവരുത്തും ✪ മുൻ ഓവർസീയർമാരുടെ സേവനം പ്രയോജനപ്പെടുത്താൻ അഡ്വൈസറി ബോർഡ് രൂപീകരിക്കുകയോ കൗൺസിലുകളിൽ ക്ഷണിതാക്കളായി ഉൾപ്പെടുത്തുകയോ ചെയ്യും ✪ ചർച്ച് ഓഫ് ഗോഡിനെ മുഖ്യധാരാ പ്രസ്ഥാനങ്ങളിൽ മുൻനിരയിൽ എത്തിക്കും

**മുളക്കുഴ:** ആത്മീയമൂല്യങ്ങളിൽ വിട്ടുവീഴ്ചയില്ലാതെയും അപ്പോൾത്തന്നെ ഡിജിറ്റൽ യുഗത്തിന്റെ സവിശേഷതകൾ ഉൾക്കൊണ്ടും ഇന്ത്യാ പൂർണ്ണ സുവിശേഷ ദൈവസഭ കേരള സ്റ്റേറ്റിന് സമഗ്ര പരിഷ്കാരങ്ങൾ നിർദ്ദേശിച്ചുകൊണ്ട് പാസ്റ്റർ പി. സി. ചെറിയാൻ. സഭ അതിന്റെ പൂർവ്വകാലങ്ങളേക്കാൾ അധികം വളർന്നിരിക്കുന്നു. ചർച്ച് ഗ്രോത്ത് മിഷൻ ഡയറക്ടറായിരിക്കെ അദ്ദേഹം ചെയ്ത സേവനപ്രവർത്തനങ്ങൾ ഇന്നത്തെ നിലയിലേക്ക് വളരാൻ സഭയെ ഒട്ടൊക്കെ സഹായിച്ചിട്ടുണ്ട്. ഒരു ഓവർസീയറുടെ കീഴിൽ കൗൺസിലും സെന്റർ പാസ്റ്റർമാരും അതിനുകീഴിൽ പ്രാദേശിക സഭകളും എന്ന ഇപ്പോഴത്തെ ഘടന ഉടച്ചുവാർക്കേണ്ടതുണ്ട്. കേരളത്തെ മൂന്ന് മേഖലകളായി തിരിച്ച് മൂന്ന് പേരെ അസിസ്റ്റന്റ് ഓവർസീയർമാരായി നിയമിച്ചുകൊണ്ടും അത് കേവലം അലങ്കാര പദവികളല്ല, മറിച്ച് കീഴ്ഘടകങ്ങളുടെ മീതെ വ്യക്തമായ പ്രവർത്തന സ്വാതന്ത്ര്യമുള്ള സംവിധാനം ആക്കും.- പി. സി. ചെറിയാൻ പറയുന്നു.

ഓവർസീയർ സ്ഥാനം വഹിക്കാൻ വ്യക്തമായ പ്രായപരിധി ഉള്ള നമ്മുടെ പ്രസ്ഥാനത്തിൽ ഈ അസിസ്റ്റന്റ് ഓവർസീയർമാർ തങ്ങളുടെ പ്രവർത്തനമികവ് കൊണ്ടും ജനകീയ അടിത്തറ കൊണ്ടും ക്രമേണ നേതൃരംഗത്തേക്ക് ഉയർന്നുവരണം. അങ്ങനെ രണ്ടാം നിരയിലും ലീഡർഷിപ്പ് ഉണ്ടാകാത്ത പക്ഷം ബിസിനസ്സ് ലോബികളും മറ്റും തെറ്റായ വഴിയിൽ സ്ഥാനമാനങ്ങൾ കരസ്ഥമാക്കും.

**പാസ്റ്റർ ചെറിയാൻ മുമ്പോട്ട് വയ്ക്കുന്ന ഇതര നിർദ്ദേശങ്ങൾ:**

◆ റിട്ടയർ ചെയ്ത പാസ്റ്റർമാർ ഒട്ടനവധി ത്യാഗങ്ങളിലൂടെയാണ് മുമ്പോട്ട് പോകുന്നത്. ദൈവസഭയെ ഇന്നുള്ള നിലയിൽ വളരാൻ അവരുടെ സംഭാവനകൾ അനവധിയാണ്. അത് പരിഗണിച്ച് അർഹമാകുംവിധം സാമ്പത്തിക സഹായങ്ങൾ നൽകും.

◆ ഓവർസീയർ സ്ഥാനത്തുനിന്നും മാറേണ്ടിവരുന്നവർ വല്ലാത്ത അസ്വസ്ഥത അനുഭവിക്കുംവിധം ഒരു അന്യതാബോധം സൃഷ്ടിക്കപ്പെടാറുണ്ട്. അവരെ സീനിയർ പാസ്റ്റർമാർ എന്ന പരിഗണന നൽകി കൺവൻഷൻ വേദികളിലും ശുശ്രൂഷാ മണ്ഡലങ്ങളിലും മാനിക്കുകയും കൗൺസിലുകളിൽ എക്സ് ഒഫീഷ്യോ മെമ്പേഴ്സായി ക്ഷണിച്ചുകൊണ്ട് അവരുടെ വിലയേറിയ അഭിപ്രായങ്ങൾ കൂടി കണക്കിലെടുത്ത് സഭാ ഭരണം നിർവ്വഹിക്കും.

◆ സാമ്പത്തികമായ അസമത്വമാണ് പലപ്പോഴും പാസ്റ്റർമാർ സ്ഥലംമാറ്റ സമയത്ത് കംഫർട്ട് സോണുകൾ തിരയാൻ കാരണം. കുറഞ്ഞത് ഒരു പ്രാദേശിക സഭയിൽ നിന്നും പ്രതിമാസം പതിനായിരം രൂപയെങ്കിലും ഉണ്ടെങ്കിലേ ഒരു ദൈവദാസന് നിലനിന്നുപോകുവാൻ സാധിക്കൂ. ഇപ്രകാരം കൊടുക്കാൻ ഇതര സ്രോതസ്സുകളിൽ നിന്ന് ഫണ്ട് കണ്ടെത്തും.

◆ പാഴ്സനേജുകൾ പലപ്പോഴും ഇടുക്കമുള്ളതാണ്. അത്തരം ഇടങ്ങളിൽ പുനഃനിർമ്മാണത്തിന് സഹായം നൽകും. പാഴ്സനേജ് ഇല്ലാത്തിടത്ത് ശുശ്രൂഷകന്മാരുടെ വാസത്തിനായി വാടകയിനത്തിൽ ഒരു അലവൻസ് നൽകുന്ന കാര്യം പരിഗണിക്കും.

◆ ശുശ്രൂഷകന്മാരുടെ മക്കൾ പലപ്പോഴും ഒട്ടേറെ മാനസിക പ്രശ്നങ്ങൾ അനുഭവിക്കുന്നതായി കാണുന്നു. പഠനത്തിൽ സമർത്ഥരായ കുഞ്ഞുങ്ങൾ സാമ്പത്തിക പരാധീനത അനുഭവിക്കുന്നെങ്കിൽ അതിന് പ്രത്യേക ഫണ്ട് കണ്ടെത്തും.

◆ സിവിൽ സർവ്വീസിലും ഇതര ഉന്നത ഉദ്യോഗങ്ങളിലും കാര്യപ്രസക്തമായ പെന്തെക്കോസ്ത് സാന്നിധ്യമില്ല. ഈ സ്ഥിതിക്ക് മാറ്റം വരേണ്ടതിന് പഠനത്തിൽ സമർത്ഥരായ സഭാ വിശ്വാസികളായ കുഞ്ഞുങ്ങളെ സഭയുടെ ചിലവിൽ പരിശീലിപ്പിക്കും.

◆ സഭാ വിശ്വാസികളിൽ പ്രസ്ഥാനത്തിന് ഈടുറ്റതും മൂല്യവത്തതുമായ നിർദ്ദേശങ്ങൾ തരാൻ കഴിവുള്ള ആളുകളുണ്ട്. സഭാ വളർച്ചയ്ക്കായി അത്തരക്കാർ നൽകുന്ന നിർദ്ദേശങ്ങൾ ഗൗരവത്തോടെ പരിഗണിക്കും.

◆ സഭാനേതാക്കന്മാരെക്കുറിച്ച് പൊതുവായുള്ള ആക്ഷേപം അവർ സഹപ്രവർത്തകരെ നിലവാരം കുറഞ്ഞവരായി കാണുന്നു എന്നുള്ളതാണ്. യജമാന മനോഭാവം ഇല്ലാതെ അവരെ പരിഗണിച്ചുകൊണ്ട് മുമ്പോട്ട് പോകും. കൂടാതെ അനൗൺസ്മെന്റ്, ലീഡിംഗ്, അതിഥികളെ പരിചയപ്പെടുത്തൽ, നന്ദി കരേറ്റൽ ഇവയെല്ലാം സഭാ നേതാക്കന്മാർ തന്നെ ചെയ്തുവരുന്ന വൺമാൻ ഷോ മാറിയ കാലഘട്ടത്തിൽ ഗുണപരമല്ല. ഇവയൊക്കെ വികേന്ദ്രീകരിച്ച് നിർവ്വഹിക്കുകയും കൗൺസിൽ നിർദ്ദേശമനുസരിച്ചുള്ള പ്രോഗ്രാമുകളിൽ മാത്രം ഓവർസീയർ പങ്കെടുക്കുകയും ചെയ്യും.

◆ വിവാഹം, ശവസംസ്കാരം, ഹാൾ സമർപ്പണം തുടങ്ങിയ പരിപാടികളിൽ ഉത്തരവാദിത്തപ്പെട്ടവർ ക്ഷണിച്ചാൽ തീർത്തും ഒഴിവാക്കാനാവാത്ത ക്ഷണം മാത്രം സ്വീകരിച്ച് അവയൊക്കെ ഇതര സഹപ്രവർത്തകരെകൊണ്ട് നിർവ്വഹിപ്പിക്കാൻ പ്രോത്സാഹിപ്പിക്കും. ചുരുക്കത്തിൽ സിംഗിൾ മാനേജ്മെന്റ് എന്ന ചിന്ത വിട്ട് കളക്ടീവ് ലീഡർഷിപ്പ് എന്ന ആശയം നടപ്പിലാക്കും.

◆ വാർദ്ധക്യത്തിലെ ഒറ്റപ്പെടലുകൾ കൊണ്ട് ഭാരപ്പെടുന്ന ദൈവദാസനെയും കുടുംബത്തെയും പുനരധിവസിപ്പിക്കാൻ പദ്ധതി തയ്യാറാക്കും.

◆ ചർച്ച് ഓഫ് ഗോഡിൽ നിന്നും പൊതുസമ്മതരായ പ്രസംഗകരെ പരിശീലിപ്പിച്ച് ഇറക്കും.

◆ ചർച്ച് ഓഫ് ഗോഡിന് മുഖ്യധാര പെന്തെക്കോസ്ത് പ്രസ്ഥാനങ്ങളിൽ ഐ. പി. സി.ക്കും ഏ. ജി.ക്കും താഴെ മാത്രമാണ് ഇപ്പോൾ പൊതുസമൂഹത്തിൽ സ്ഥാനമുള്ളത്. അത് പ്രാദേശിക സഭകളുടെ എണ്ണവും അംഗസംഖ്യയും പരിഗണിച്ചാണ്. മേൽപ്പറഞ്ഞ സഹോദര സഭകളോട് ആത്മാർത്ഥമായ ബന്ധം നിലനിർത്തുമ്പോൾ തന്നെ ആഗോള പ്രസ്ഥാനം എന്ന നിലയിൽ ഇവിടെയും ചർച്ച് ഓഫ് ഗോഡിനെ സഭാ വളർച്ചയിൽ ഗണ്യമായ നിലയിൽ മുമ്പോട്ട് നയിക്കും.

◆ എല്ലാ നേതാക്കന്മാരുടെയും പരാജയ കാരണം അവർക്കുചുറ്റും കറങ്ങുന്ന ഒരു കോക്കസാണ്. അതുകൊണ്ട് തന്നെ ഇത്തരക്കാരെ തൃപ്തിപ്പെടുത്താൻ നേതാക്കന്മാർ വശംവദരാകും. എന്നാൽ നീതിയുക്തമായ ഭരണനിർവ്വഹണത്തിൽ വിഘാതം ആകുംവിധം ഇത്തരം അനാവശ്യ സൃഹത് വലയങ്ങൾ ഒഴിവാക്കും.

◆ സ്ഥലംമാറ്റത്തിലും നിയമനങ്ങളിലും പക്ഷപാതമോ വ്യക്തിതാൽപര്യങ്ങളോ കണക്കിലെടുക്കാതെ തികച്ചും അർഹരെ മാത്രം അതാത് സ്ഥാനങ്ങളിൽ നിയമിക്കും.



ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് സെക്രട്ടറി, ചർച്ച് ഗ്രോത്ത് മിഷൻ ഡയറക്ടർ തുടങ്ങിയ പദവികൾ വഹിച്ചിട്ടുള്ള പാസ്റ്റർ പി. സി. ചെറിയാൻ റാന്നി ഡിസ്ട്രിക്ട് പാസ്റ്റർ കൗൺസിൽ അംഗം, പെന്തെക്കോസ്തൽ എഡ്യൂക്കേഷൻ സൊസൈറ്റി വർക്കിംഗ് ചെയർമാൻ തുടങ്ങിയ ചുമതലകൾ വഹിക്കുന്നു. പ്രഭാഷകൻ എന്ന നിലയിൽ ഏവർക്കും സുപരിചിതനാണ്.

ഏറ്റവും അതിസാധാരണക്കാരനായി ജീവിതം തുടങ്ങിയ പാസ്റ്റർ ചെറിയാൻ വലിയ അനുഭവങ്ങളിലൂടെയാണ് കർത്താവിനെ കണ്ടുമുട്ടുന്നത്. സ്ഥിരോത്സാഹവും അർപ്പണബോധവും അദ്ദേഹത്തെ മലയാളി സമൂഹം അറിയുന്ന പ്രഭാഷകനായും സഭാ നേതാവായും വളർത്തി. സഭാപരിപാലനത്തിലും പ്രാദേശിക സഭകളുടെ വളർച്ചയിലും ആലയനിർമ്മാണങ്ങളിലും ഒട്ടേറെ സംഭാവനകൾ നൽകിയ അദ്ദേഹം വിവിധ രാജ്യങ്ങളിൽ ദേശീയവും അന്തർദ്ദേശിയുമായ സമ്മേളനങ്ങളിൽ മുഖ്യ പ്രസംഗകനായിരിക്കുന്നു. ദൈവവും പ്രസ്ഥാനവും തന്നെ ഏൽപ്പിച്ച കർമ്മ രംഗങ്ങളിലെല്ലാം ശോഭിക്കുവാൻ തനിക്ക് സാധിച്ചിട്ടുണ്ട്. ഇതര പെന്തെക്കോസ്ത് പ്രസ്ഥാനങ്ങളോടും നല്ല ബന്ധം പുലർത്തുന്ന ഒരു കർത്തൃദാസൻ എന്ന നിലയിൽ അവിടങ്ങളിലും ജനറൽ, സെന്റർ, ലോക്കൽ കൺവൻഷനുകളിൽ പ്രസംഗകനാണ്. ഇത്തരം ഒരു വ്യക്തിത്വം ചർച്ച് ഓഫ് ഗോഡിന്റെ നേതൃസ്ഥാനത്തേക്ക് എത്തുന്നത് മികവാർന്ന പുരോഗതികൾ കൈവരിക്കാൻ പ്രസ്ഥാനത്തിന് സഹായകമാകും.

# സഭാസ്ഥാപനവും സുവിശേഷീകരണവും മുഖ്യ അജണ്ട: പാസ്റ്റർ സി.സി. തോമസ്



**സെമിനാരി അഡ്മിനിസ്ട്രേറ്റർ, വൈ.പി.ഇ. പ്രസിഡന്റ്, കൗൺസിൽ അംഗം, ഡിസ്ട്രിക്ട് പാസ്റ്റർ എന്നീ നിലകളിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവച്ച പാസ്റ്റർ സി. സി. തോമസ് ടെന്നസി ടൈനർ ചർച്ച് ഓഫ് ഗോഡ് പെന്തെക്കോസ്തൽ അസംബ്ലിയിലെ എട്ടുവർഷത്തെ സേവനത്തിനുശേഷം കേരളത്തിലെത്തുന്നു. അദ്ദേഹത്തിന്റെ അനുഭവങ്ങളും കാഴ്ചപ്പാടുകളും വായനക്കാരോട് പങ്കുവയ്ക്കുന്നു.**

* *അമേരിക്കയിലെ സൗകര്യങ്ങൾ ഉപേക്ഷിച്ച് കേരളത്തിലേക്ക് വരാൻ കാരണം ?*

ഇത് വ്യക്തമായ ദൈവനിയോഗമായി കാണുന്നു. ദൈവാലോചനയുടെ ഭാഗമാണിത്.

* *എട്ടുവർഷം കേരളത്തിൽ നിന്നും മാറിനിന്നിട്ടും ഓവർസീയർ സ്ഥാനത്തേക്ക് പേര് പരിഗണിക്കാൻ കാരണം?*

പാസ്റ്റർ പി.ജെ. ജെയിംസിന് ശേഷം ആര് എന്ന ചോദ്യം ഉയർന്നു വന്നപ്പോൾ സ്വാഭാവികമായി എന്റെ പേര് ഉയർന്നുവന്നു. മാത്രമല്ല ഭൂരിപക്ഷം കൗൺസിൽ അംഗങ്ങളും ഡിസ്ട്രിക്ട് പാസ്റ്റർമാരും മുതിർന്ന ശുശ്രൂഷകന്മാരും എന്നോട് കേരളത്തിലേക്ക് വരാൻ ശക്തമായി നിർബന്ധിച്ചു..

* *ഇത്രയും ശുശ്രൂഷകന്മാരുടെ പിന്തുണ ലഭിക്കാൻ കാരണം?*

2011-ൽ ഒരു മാദ്ധ്യമം നടത്തിയ അഭിപ്രായ സർവ്വേയിൽ ഞാൻ മൂന്നാം സ്ഥാനത്തെത്തിയിരുന്നു. 2013-ൽ അതേ മാദ്ധ്യമം നടത്തിയ സർവ്വേയിൽ ഒന്നാം സ്ഥാനത്തെത്തിയിരുന്നു. സെമിനാരി അഡ്മിനിസ്ട്രേറ്റർ, വൈ.പി.ഇ. പ്രസിഡന്റ്, കൗൺസിൽ അംഗം, ഡിസ്ട്രിക്ട് പാസ്റ്റർ, വേദാദ്ധ്യാപകൻ എന്നീ നിലകളിൽ പ്രവർത്തിക്കാൻ എനിക്ക് അവസരം ലഭിച്ചിട്ടുണ്ട്. ഇതെല്ലാമാണ് എന്റെ ജനകീയ അടിത്തറക്കു കാരണം.

* *പ്രതിഭാ ശാലികളായ പാസ്റ്റർ പി.സി.ചാക്കോ, എം.വി. ചാക്കോ, പി.എ.വി. സാം എന്നിവർ ഇരുന്ന കസേരയാണ് ?*

ഓവർസീയർ കസേര വലിയ ഉത്തരവാദിത്തമാണ്. മാറിയ സാമൂഹിക ക്രമത്തിൽ പുതിയ ലീഡർഷിപ്പ് ശൈലിയാണ് ആവശ്യം.

* *താങ്കളുടെ അടിയന്തിര ശ്രദ്ധ ഏത് വിഷയത്തിനായിരിക്കും.?*

സഭാ സ്ഥാപനത്തിനും സുവിശേഷീകരണത്തിനുമായിരിക്കും മുഖ്യ പ്രാധാന്യം നൽകുക. സഭയുടെ ലക്ഷ്യവും ദൗത്യവും അതാണ്. ഡിപ്പാർട്ടുമെന്റുകളെ ശക്തിപ്പെടുത്തും.

* *പാസ്റ്റർ പി.എ.വി. സാമിനുശേഷം 'മിഷൻ' ഓറിയേന്റഡ് നേതൃത്വം ഉണ്ടായിട്ടില്ല?*

മിഷൻ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുകയായിരിക്കും എന്റെ പ്രധാന കർത്തവ്യം. അതിലൂടെ സഭാ വളർച്ച ത്വരിതപ്പെടുത്തും.

* *താങ്കളുടെ മറ്റ് അടിന്തിര ശ്രമങ്ങൾ ?*

ഓഫീസ് കോംപ്ലക്സ് പണി പൂർത്തിയാക്കി പ്രവർത്തന സജ്ജമാക്കും.

* *പാസ്റ്റർ പി.എ.വി. സാമിന്റെ സ്വപ്ന പദ്ധതിയായിരുന്നല്ലോ ഇംഗ്ലീഷ് മീഡിയം സെമിനാരി. ICTS ന്റെ ഇപ്പോഴത്തെ അവസ്ഥ?*

ICTS സ്ഥാപനം കാലഹരണപ്പെടാതെ സംരക്ഷിക്കും. ബദൽ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നതിനെക്കുറിച്ച് ആലോചിക്കും. പ്രവാസി മലയാളികളുടെയും വിദേശികളുടെയും സംഭാവനകളെ വിലകുറച്ച് കാണാൻ പാടില്ല.

* *ടെന്നസിയിലെ താങ്കളുടെ സഭാ ജീവിതം ?*

എന്നെ സ്നേഹിക്കുന്ന വിശ്വാസികളാണ് ഇവർ. ഏറെ പ്രതിസന്ധികൾ ഉണ്ടായിരുന്നിട്ടും ദൈവം സഭയെ വളർത്തി.

* *താങ്കൾക്കെതിരെ ആസൂത്രിതമായ ആക്രമണങ്ങളും സ്വഭാവഹത്യയും നടന്നല്ലോ?*

ഇതെല്ലാം ബോധപൂർവ്വം സൃഷ്ടിച്ചതാണ്. എന്റെ സഭയുടെയും കുടുംബത്തിന്റെയും കേരളത്തിലെ ശുശ്രൂഷകന്മാരുടെയും പിന്തുണ അതിന്റെ തെളിവാണ്. വിഷയങ്ങളെല്ലാം ദൈവത്തിനുമുമ്പിൽ സമർപ്പിച്ചു. ദൈവം ന്യായമായി വിധിക്കുന്നവനാണ്.

* *സ്വത്ത് സമ്പാദനം, ആർഭാട ജീവിതം ഇവയെപ്പറ്റിയുള്ള അഭിപ്രായം?*

സമ്പത്ത് വാരിക്കൂട്ടാൻ താല്പര്യമില്ല. അവിഹിതമായി സ്വത്ത് സമ്പാദിക്കുന്നതിന് ഞാൻ എതിരാണ്.

* *ദരിദ്രവിഭാഗങ്ങളോടും കഷ്ടമനുഭവിക്കുന്ന ശുശ്രൂഷകന്മാരോടും താങ്കൾ അനുഭാവംകാണിക്കാറുണ്ട് എന്ന് കേട്ടിട്ടുണ്ട്.?*

ഞാൻ എല്ലായ്പ്പോഴും പാവപ്പെട്ടവരോട് ചേർന്നു നിൽക്കുന്ന വ്യക്തിയാണ്. എന്റെ പരിമിതിയിൽനിന്നുകൊണ്ട് ആവശ്യക്കാരെ സഹായിക്കാൻ ശ്രമിച്ചിട്ടുണ്ട്. ശുശ്രൂഷകന്മാരുടെ നിസ്സഹായാവസ്ഥ എന്നെ അലട്ടുന്ന പ്രശ്നമാണ്.

* *ശുശ്രൂഷകന്മാരിൽ ഭൂരിഭാഗവും കഷ്ടമനുഭവിക്കുന്നവരാണ്. അവർക്കുവേണ്ടി എന്തെങ്കിലും പാക്കേജ് ?*

ശുശ്രൂഷകന്മാരുടെ ക്ഷേമത്തിന് മുഖ്യ പരിഗണന നൽകും. ഇതിനുവേണ്ടി മാത്രം പാസ്റ്റേഴ്സ് വെൽഫെയർ ബോർഡ്, പാസ്റ്റേഴ്സ് സെക്യൂരിറ്റി ഫണ്ട് എന്നിവ രൂപീകരിക്കും. ശുശ്രൂഷകന്മാർക്ക് അടിയന്തിര ശുശ്രൂഷാ സഹായം, നിർദ്ധനരായ ശുശ്രൂഷകന്മാരുടെ മക്കളുടെ പഠനം, പെൺമക്കളുടെ വിവാഹം ഇതിനായി വിപുലമായ പ്രൊജക്ടും വിഭവ സമാഹരണവും ആവശ്യമാണ്. മരിച്ചുപോയ പാസ്റ്റർമാരുടെ വിധവമാരുടെ പ്രശ്നങ്ങൾ, റിട്ടയർ ചെയ്ത ശുശ്രൂഷകന്മാരുടെ പുനരധിവാസം എല്ലാം ഗൗരവമായി പരിഗണിക്കും.

* *മിഷൻ ദർശവനമുള്ള നേതൃത്വത്തിന്റെ അപര്യാപ്തത ആത്മീക വന്ധ്യതയ്ക്ക് ആക്കം കൂട്ടി എന്ന് പറഞ്ഞാൽ ?*

സ്ഥാപനവത്ക്കരണമാണ് മിഷൻ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നത്. സ്ഥാപനവത്ക്കരണം കച്ചവടവത്ക്കരണത്തിലേക്ക് വഴി തെളിക്കും. ഇതാണ് ആത്മിക ശോഷണത്തിനു കാരണം.

* *ശുശ്രൂഷകന്മാരുടെ 'സ്കിൽ ഡവലപ്പ്മെന്റ്' (കഴിവ് വികസിപ്പിക്കൽ) എന്ന വിഷയം ലീഡർഷിപ്പ് ശ്രദ്ധിക്കാറില്ല ?*

ശുശ്രൂഷകന്മാർക്ക് തുടർവിദ്യാഭ്യാസം നൽകുന്നതിന് റിഫ്രഷ്മെന്റ് പ്രോഗ്രാം, ദൗത്യ പരിശീലനം, തുടർമാന വിദ്യാഭ്യാസ പദ്ധതി, പാസ്റ്ററൽ ഓറിയന്റേഷൻ പ്രോഗ്രാം എല്ലാം ആലോചനയിലുണ്ട്. യുവാക്കളായ ശുശ്രൂഷകന്മാരുടെ കൃപയും കഴിവും തിരിച്ചറിഞ്ഞ് അതാത് മേഖലകളിൽ പ്രയോജനപ്പെടുത്തും.

* *ഇതിനെപ്പറ്റി വിശദീകരിക്കാമോ ?*

പ്രസംഗകരായ ശുശ്രൂഷകന്മാരുണ്ട്, കൃപാവര പ്രാപ്തരായ ശുശ്രൂഷകന്മാരുണ്ട്. വൈജ്ഞാനിക വിഷയങ്ങളിൽ ഇടപെട്ട് അക്കാദമിക്ക് സംവാദങ്ങളിൽ ഏർപ്പെടുന്നവരുണ്ട്. ഇവരെയെല്ലാം ക്രിയാത്മകമായും സർഗ്ഗാത്മകമായും പ്രയോജനപ്പെടുത്തും. സഭാവളർച്ചയ്ക്കായി ഇവരെ പ്രയോജനപ്പെടുത്തും. സ്കൂൾ ഓഫ് അപ്പോളജറ്റിക്സ്, പ്രോഫറ്റിക് സ്കൂൾ ഇവയെല്ലാം പുതിയ ചിന്തകളാണ്.

* *സഭാ വളർച്ചയ്ക്കുവേണ്ടി പുതിയ പദ്ധതികൾ എന്തെങ്കിലും?*

ഹോം ചർച്ചുകൾ, പ്രയർ സെല്ലുകൾ, ഏരിയാ പ്രവർത്തനങ്ങൾ എല്ലാം സംഘടിപ്പിക്കും. ഇവാഞ്ചലിസം – മിഷൻ ഡിപ്പാർട്ട്മെന്റുകളെ ചലനാത്മകമാക്കും. മിഷൻ സെമിനാറുകൾ സംഘടിപ്പിച്ച് സുവിശേഷകരെ പ്രചോദിപ്പിക്കും.

* *പാസ്റ്റർ പി.എ.വി. സാമിന്റെ കാലത്ത് സിറ്റി മിഷൻ ഉണ്ടായിരുന്നു ?*

കേരളത്തിലെ എല്ലാ 'സിറ്റി' കളിലും സഭാപ്രവർത്തനം ശക്തമാക്കും. 40 ലക്ഷം അന്യസംസ്ഥാന തൊഴിലാളികൾ കേരളത്തിലുണ്ട്. ഇവരുടെ ഇടയിൽ പ്രവർത്തനത്തിന് സ്കോപ്പുണ്ട്. ഹിന്ദി, തമിഴ് ആരാധനകൾ ആവശ്യമാണ്. സിറ്റികൾ കേന്ദ്രീകരിച്ച് ഇംഗ്ലീഷ് ആരാധനകൾ ആരംഭിക്കും.



* *പഴയ സഭകൾ മന്ദാവസ്ഥയിലാണ് ?*

ആത്മിക പ്രജനനം നടക്കാതെ മൃതാവസ്ഥയിലായ പാരമ്പര്യ സഭകളെ ഊർജ്ജ്വസ്വലമാക്കാൻ ഉത്തേജകമായ കാര്യപരിപാടികൾ ആവിഷ്ക്കരിക്കണം. സഭകളെ നവീകരിക്കണം.

* *യു.പി.ജി. പ്രൊജക്ട് പ്രയോജനപ്പെടുത്തരുതോ?*

കാസർഗോഡ്, കോഴിക്കോട്, പാലക്കാട്, വയനാട്, ഹൈറേഞ്ച് മേഖലകളിലെ ആദിവാസി-ഗോത്രവർഗ്ഗ മേഖലയിലെ പ്രവർത്തനങ്ങളിൽ യു.പി.ജിയുടെ പ്രവർത്തനം പ്രയോജനപ്പെടുത്തും.

* *സ്ഥലംമാറ്റം എപ്പോഴും വിവാദമാകാറുണ്ട്. സഭകളിലെ സംഘർഷം, പിളർപ്പുകൾ ഒഴിവാക്കരുതോ?*

ക്രൈസിസ് മാനേജ്മെന്റ് (പ്രശ്നപരിഹാരം) ഇല്ലാത്തതാണ് പ്രശ്നം. ഇത് പരിഹരിക്കാൻ പ്രായോഗിക സമീപനമാണ് വേണ്ടത്. തീരുമാനശേഷിയും ഇച്ഛാശക്തിയും ഇതിന് ആവശ്യമാണ്. ട്രാൻസ്ഫറിന് ശാസ്ത്രീയമായ മാനദണ്ഡം കൊണ്ടുവരും. എല്ലാവർക്കും തുല്യനീതി നൽകുന്ന സംവിധാനമാണ് മനസ്സിലുള്ളത്. പ്രശ്നപരിഹാരത്തിനായി ഒരു സ്ഥിരം സംവിധാനം ആവശ്യമാണ്. സഭാ പ്രശ്നങ്ങൾ, കുടുംബ-വിവാഹ പ്രശ്നങ്ങൾ, മറ്റ് സിവിൽ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന ചർച്ച് ട്രൈബ്യൂണൽ, പെറ്റീഷൻ കമ്മിറ്റിതുടങ്ങിയ സംവിധാനങ്ങളെക്കുറിച്ച് ആലോചിക്കും. ഗ്രൂപ്പ് മാനേജർമാരുടെ വീതംവെയ്പ്പല്ല ആവശ്യം. മെറിറ്റാണ് നോക്കേണ്ടത്.

* *സാമ്പത്തിക സുതാര്യത പ്രധാന വിഷയമാണല്ലോ ?*

"ട്രാൻസ്പരൻസി'(സുതാര്യത) യാണ് ഒരു ഭരണത്തിന്റെ മുഖമുദ്ര. പരാതിക്ക് ഇടനൽകാതെ ഇന്റേണൽ ഓഡിറ്റിംഗ്, പബ്ലിക് അക്കൗണ്ടിംഗ് കമ്മിറ്റി തുടങ്ങിയ സംവിധാനങ്ങൾ പരിഗണിക്കും.

* *സഭയുടെ സ്ഥിതിവിവരക്കണക്കുകൾ പലപ്പോഴും സഭാ ആസ്ഥാനങ്ങളിൽ കാണാറില്ല ?*

ശുശ്രൂഷകന്മാരുടെ സർവ്വീസ് ഫയൽ, വിശ്വാസികളുടെ സാമൂഹിക-സാമ്പത്തിക- വിദ്യാഭ്യാസ അവസ്ഥ പഠിക്കുന്ന സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കും. ശുശ്രൂഷകന്മാരുടെയും വിശ്വാസികളുടെയും പിന്നാക്കാവസ്ഥ മനസ്സിലാക്കാൻ ഇതുകൊണ്ട് സാധിക്കും. അവ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കും. ഇതിനായി സർക്കാർ സംവിധാനത്തിന്റെ സഹായവും തേടും.

* *താങ്കളുടെ സംഘടനാ പാടവം, ആസൂത്രണം, ഭരണമികവ്, മിഷൻ വൈദഗ്ദ്ധ്യം, വേദശാസ്ത്ര അടിത്തറ എല്ലാം ഇതിനോടകം സംസാരമായി ക്കഴിഞ്ഞു ?*

എല്ലാം

07

ചോദ്യോത്തരവേദി

# വേദപുസ്തകം ദൈവം എഴുതിയതോ?



**ജോർജ്ജ് ഫിലിപ്പ് തെക്കേക്കര**

**ചോദ്യം:** വേദപുസ്തകം ദൈവവചനമാണെന്ന് ചില ക്രിസ്ത്യാനികൾ വിശ്വസിക്കുന്നു. വേദപുസ്തകം 40 എഴുത്തുകാരാണ് എഴുതിയതെന്ന് എല്ലാവർക്കും അറിയാം. പിന്നെന്തുകൊണ്ട് വേദപുസ്തകം ദൈവവചനമാണെന്ന് പറയുന്നു? ക്രോഡീകരിച്ചത് ആര്, എപ്പോൾ?

**– മാർക്കസ്, വടവാന്തൂർ**

**ഉത്തരം:** വേദപുസ്തകത്തിലെ വചനങ്ങളിൽ, ദൈവം തന്റെ കൈകൊണ്ട് എഴുതിയിരിക്കുന്ന ഭാഗങ്ങൾ രണ്ടിടത്തേ ഉള്ളൂ. മോശെയ്ക്ക് ദൈവം സീനായ് പർവ്വതത്തിൽവച്ച് എഴുതിക്കൊടുത്ത കല്പനകൾ ആണ് ഒന്നാമത്തേത് (പുറപ്പാട് 24:12). രണ്ടാമത്തേത്, ദാനിയേൽ പ്രവാചകന്റെ കാലത്ത് ബേൽശസ്സർ രാജാവിന്റെ രാജധാനിയിലെ ചുവരിന്മേൽ എഴുതിയതാണ് (ദാനിയേൽ 5:5). മറ്റുള്ള വചനങ്ങളെല്ലാം സാധാരണ മനുഷ്യർ എഴുതിയതാണ്. ഓരോരുത്തരും അവരുടെ അനുഭവങ്ങളുടെ സ്വാധീനത്തിലാണ് എഴുതിയിരിക്കുന്നത്. യെശയ്യാവ് വളരെ ആത്മവിശ്വാസത്തോടെ എഴുതിയപ്പോൾ ജെറമിയ പ്രവാചകൻ വളരെ ദുഃഖത്തോടെ എഴുതി. ദാനീയേൽ വർണ്ണനാപരമായി എഴുതിയപ്പോൾ യോഹന്നാൻ വളരെ ലഘുവായ വാക്കുകളാണെഴുതിയത്. ലൂക്കോസ് അന്നത്തെ സാങ്കേതിക ഭാഷ ഉപയോഗിച്ചു.

വ്യത്യസ്ത ജീവിത സാഹചര്യങ്ങളിലും അനുഭവങ്ങളിലും ഭാഷാശൈലിയിലുമാണ് ഓരോരുത്തരും എഴുതിയതെങ്കിലും എഴുതിയവർക്കെല്ലാം ദൈവമാണ് എഴുതാനുള്ള ശക്തമായ പ്രേരണ തന്നതെന്ന് അവർക്കെല്ലാം ഉറപ്പുണ്ടായിരുന്നു. ഉദാഹരണത്തിന്, യിരെമ്യാവ് ഇപ്രകാരം എഴുതി: "യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: "നീ യഹോവയുടെ ആലയത്തിന്റെ പ്രാകാരത്തിൽ നിന്നുകൊണ്ട്, യഹോവയുടെ ആലയത്തിൽ ആരാധിക്കുവാൻ വരുന്ന സകലരോടും പ്രസ്താവിക്കുവാൻ ഞാൻ നിന്നോടു കല്പിക്കുന്ന സകല വചനങ്ങളും അവരോടു പ്രസ്താവിക്കുക; **ഒരു വാക്കും വിട്ടു കളയരുത്" (യിരെമ്യാവ് 26:1,2).** പഴയനിയമത്തിൽ ഏതാണ്ട് 3800 പ്രാവശ്യം യഹോവ കല്പിക്കുന്നതായി എഴുത്തുകാർക്ക് അനുഭവപ്പെട്ടു. പുതിയനിയമത്തിലും അപ്പൊസ്തലന്മാർക്ക് ഇതേ അനുഭവം ഉണ്ടായിരുന്നു. ഉദാഹരണത്തിന് പൗലോസ് അപ്പൊസ്തലൻ ഇപ്രകാരം എഴുതി: "അത് ഞങ്ങൾ മാനുഷികജ്ഞാനം ഉപദേശിക്കുന്ന വചനങ്ങളാൽ അല്ല, ദൈവാത്മാവ് ഉപദേശിക്കുന്ന വചനങ്ങളാൽത്തന്നെ പ്രസ്താവിച്ചുകൊണ്ട് ആത്മീകസത്യം ആത്മീക വചനങ്ങളാൽ വ്യാഖ്യാനിക്കുന്നു" (1 കൊരി. 2:13).

പൗലോസ് വ്യാഖ്യാനിച്ചത് സ്വീകരിച്ച തെസ്സലോനിക്യ വിശ്വാസികളെ അഭിനന്ദിച്ചത് ശ്രദ്ധിക്കുക: "ഞങ്ങൾ പ്രസംഗിച്ച ദൈവവചനം നിങ്ങൾ കൈക്കൊണ്ടതിനാൽ ഞങ്ങൾ ദൈവത്തെ ഇടവിടാതെ സ്തുതിക്കുന്നു. അതു നിങ്ങൾ മനുഷ്യന്റെ വചനമായിട്ടല്ല, **യഥാർത്ഥ ദൈവവചനമായിട്ടുതന്നെ സ്വീകരിച്ചു..." (1 തെസ്സ.2:13).**

യേശുവിന്റെ ഉയർപ്പിനുശേഷം ശിഷ്യന്മാർ സുവിശേഷം പലരോടും അറിയിച്ചു. വിശ്വസിച്ചവർ ഒരുമിച്ചു കൂടുകയും യേശുവിന്റെ കല്പനകൾ അനുസരിക്കാൻ ഉത്സുകരാകുകയും ചെയ്തു. ഇവരുടെ കൈയിൽ തിരുവെഴുത്ത് (പഴയനിയമം) ഉണ്ടായിരുന്നു. യേശു തിരുവെഴുത്തുകൾ എന്നുദ്ദേശിച്ചത് പഴയനിയമം ആയിരുന്നു. യേശു അവരോട് പറഞ്ഞു: "...മോശെയുടെ ന്യായപ്രമാണത്തിലും പ്രവാചക പുസ്തകങ്ങളിലും സങ്കീർത്തനങ്ങളിലും എന്നെക്കുറിച്ച് എഴുതിയിരിക്കുന്നതൊക്കെയും നിവൃത്തിയാകണം എന്നുള്ളതുതന്നെ. **തിരുവെഴുത്തുകൾ തിരിച്ചറിയേണ്ടതിന്** അവൻ അവരുടെ ബുദ്ധി തുറന്നു" (ലൂക്കോസ് 24:44,45).

സഭകൾ കൂടുതലായപ്പോൾ പ്രശ്നങ്ങൾ ഉടലെടുക്കുകയും പരിഹാരങ്ങളും വ്യാഖ്യാനങ്ങളും ആവശ്യമായി വരികയും ചെയ്തു. അതിന് സഭ സ്ഥാപിച്ച അപ്പൊസ്തലന്മാർ സഭകൾക്ക് ലേഖനങ്ങൾ (എഴുത്തുകൾ) എഴുതി. ഈ ലേഖനങ്ങൾ **'കനോനിക'മാകണമെങ്കിൽ (ദൈവത്താൽ പ്രേരിതമാണെന്ന അളവുകോലിൽ വരണമെങ്കിൽ)** താഴെപ്പറയുന്ന അഞ്ചു ചോദ്യങ്ങൾക്കുള്ള ഉത്തരം പ്രത്യേക ലക്ഷണത്താൽ സവിശേഷമാക്കപ്പെട്ടതാകണമായിരുന്നു.

1) ലേഖനം എഴുതിയിരിക്കുന്നത് അപ്പൊസ്തലനോ പ്രവാചകനോ ആണോ?
2) ദൈവപ്രവർത്തി എഴുത്തുകാരനിൽ നിവൃത്തിയായിട്ടുണ്ടോ?
3) ദൈവത്തെക്കുറിച്ചുള്ള സത്യങ്ങളാണോ ലേഖനത്തിലുള്ളത്?
4) ദൈവശക്തി ലേഖനത്തിൽ ദർശിക്കാമോ?
5) ദൈവജനം (വിശ്വാസികൾ) ഇതു സ്വീകരിച്ചോ?

ലേഖനങ്ങൾക്ക് ആദിമ വിശ്വാസികളുടെ സ്വീകരണം വളരെ പ്രധാനപ്പെട്ടതായിരുന്നു. ഉദാഹരണത്തിന് പത്രോസ് അപ്പോസ്തലൻ പൗലോസിന്റെ ലേഖനങ്ങളെ തിരുവെഴുത്തായി കണ്ടു (2 പത്രോസ് 3:16).

രണ്ടാം നൂറ്റാണ്ടിലെ പ്രബലരായ മൊണ്ടാനസിന്റെയും മാർസിയോണിന്റെയും തെറ്റായ പഠിപ്പിക്കലിനുശേഷം മൂന്നാം നൂറ്റാണ്ടായപ്പോഴേക്കും പലവിധ ഉപദേശം കൊണ്ടുള്ള സമ്മർദ്ദം വിശ്വാസികൾക്ക് അഭിമുഖീകരിക്കേണ്ടി വന്നു. ഏതൊക്കെ പുതിയനിയമ പുസ്തകങ്ങളാണ് തിരുവെഴുത്തുകളായി ക്രോഡീകരിക്കേണ്ടത് എന്നത് നിർബന്ധമായി വന്നപ്പോൾ, എ. ഡി 367–ൽ അലക്സണ്ടറിയായിലെ ബിഷപ്പായിരുന്ന, **അത്താനാസിയോസ്** ആണ് പുതിയ നിയമ പുസ്തകങ്ങൾ 27 ആയി പ്രഖ്യാപിച്ചത്. എ. ഡി. 393–ൽ ഹിപ്പോയിലെ സിനഡും ഇതംഗീകരിച്ചു. എ. ഡി. 397–ൽ കാർത്താജിൽ നടന്ന കൗൺസിലും ഈ 27 പുസ്തകങ്ങളുടെ പട്ടിക പ്രസിദ്ധീകരിച്ചു.

ഇന്നും ചില പുതിയ നിയമ ലേഖനങ്ങൾക്ക് അംഗീകാരം കുറവാണ്. ഓർത്തഡോക്സ് സഭ വെളിപ്പാടു പുസ്തകത്തിന് പ്രാധാന്യം കൊടുക്കുന്നില്ല. യുറോപ്പിൽ എബ്രായലേഖനത്തിന് പ്രാധാന്യം കുറവാണ്. പത്രോസിന്റെ രണ്ടാം ലേഖനം, യോഹന്നാന്റെ രണ്ടും മൂന്നും ലേഖനങ്ങൾ, യൂദായുടെ ലേഖനം എന്നിവയോടും എതിർപ്പുകളുണ്ട്.

**അടിക്കുറിപ്പ്:** ബൈബിളിന്റെ ദൈവീകതയെ ചിലർ ചോദ്യം ചെയ്തപ്പോൾ **ചാൾസ് വെസ്ലി** അഭിപ്രായപ്പെട്ടത് ഇങ്ങനെയാണ്: ബൈബിളിന്റെ നിർമ്മാണം ഒന്നുകിൽ ചില നല്ല മനുഷ്യരാകാം, അല്ലെങ്കിൽ ദുഷ്ട മനുഷ്യരാകാം, അല്ലെങ്കിൽ ദൈവമാകാം. നല്ല മനുഷ്യരാണെങ്കിൽ അവർ ധാരാളം കള്ളം പറയുകയില്ല. ദൈവം പറയാതെ, 3800 പ്രാവശ്യം ദൈവം കല്പിച്ചു എന്നവർ എഴുതുമോ? ദുഷ്ട മനുഷ്യരാണെങ്കിൽ, പാപത്തിൽ നിന്നും വിട്ട് നില്ക്കാനും ധാർമ്മിക മൂല്യത്തോടു കൂടി ജീവിക്കാനും, ആത്മാവിനെ നഷ്ടപ്പെടുത്താതെ സ്വർഗ്ഗീയ ജീവിതം കാംക്ഷിക്കാനും ഉപദേശിക്കുമോ?. അപ്പോൾ വേദപുസ്തകത്തിന്റെ നിർമ്മാണം ദൈവമാകാനല്ലേ പിന്നെ സാദ്ധ്യതയുള്ളൂ?

## 01 പാസ്റ്റർ കെ.സി.തോമസ് വീണ്ടും....

ഇവാഞ്ചലിസം ബോർഡ് ചെയർമാൻ എന്നീനിലകളിൽ സേവനം ചെയ്തിട്ടുണ്ട്. ഐ.പി.സി കേരളാസ്റ്റേറ്റ് ജോയിന്റ് സെക്രട്ടറിയും മാരാമൺ ഐ.പി.സി സഭയുടെ സീനിയർ പാസ്റ്ററുമാണ്. ഭാര്യ: ജെസ്സി. മക്കൾ: ജസ്റ്റിൻ, ജെനി.

ഐ.പി.സിയിലെ പ്രമുഖ അൽമായ നേതാക്കളിൽ ഒരാളാണ് ട്രഷററായ കോട്ടയം ചുങ്കത്ത് താനുവേലിൽ ജോയി (69). കഞ്ഞിക്കുഴി ഐ.പി.സി ഫിലദൽഫിയ സഭാംഗമായ ഇദ്ദേഹം ജനറൽ, സ്റ്റേറ്റ് കൗൺസിലുകളിൽ നിരവധി തവണ അംഗമായിട്ടുണ്ട്. ഐ.പി.സി കോട്ടയം തിയോളജിക്കൽ സെമിനാരി, ഐ.പി.സി എഡ്യൂക്കേഷൻ & വെൽഫെയർ സൊസൈറ്റി, പവർവിഷൻ ടിവി ചാനൽ എന്നിവയുടെ ഡയറക്ടർ ബോർഡ് അംഗമാണ്. സാമൂഹ്യ സേവനത്തിന്റെ ഭാഗമായി കോട്ടയം ജില്ലാ ആശുപത്രിയിൽ നൂറുകണക്കിന് രോഗികൾക്ക് സൗജന്യ ഡയാലിസിസ് നടത്തുന്നു. ഭാര്യ: വൽസ കുരുവിള. മക്കൾ: സന്തോഷ്, ലീന.

ആഞ്ഞിലിത്താനം കൊച്ചിയിൽ പൂവക്കാലയിൽ പി.എം.തോമസിന്റെയും അന്നമ്മ തോമസിന്റെയും മകനാണ് വൈസ് പ്രസിഡന്റായ പാസ്റ്റർ രാജു പൂവക്കാല(58). സ്വകാര്യ ബാങ്കിലെ ജോലി രാജി വച്ച് പൂർണ്ണസമയ സുവിശേഷപ്രവർത്തനത്തിന് ഇറങ്ങിയ ഇദ്ദേഹം തിരുവല്ലായിലെ ഏറ്റവും വലിയ പെന്തക്കോസ്ത് സഭയായ ഐ.പി.സി പ്രെയർ സെന്ററിന്റെ സ്ഥാപകനും സീനിയർ പാസ്റ്ററുമാണ്. പി.വൈ.പി.എ പ്രസിഡന്റ്, ഐ.പി.സി സെന്റർ അസോസിയേറ്റ് പാസ്റ്റർ, മിഷൻ ബോർഡ് ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. പ്രഭാഷകനും എഴുത്തുകാരനും, പ്രാർത്ഥനാ മനുഷ്യനുമാണ് ഇദ്ദേഹം. ഭാര്യ: ബീന രാജു. മക്കൾ: മന്ന ജേക്കബ്, ജിബിൻ.

വടശ്ശേരിക്കര സെന്റർ പാസ്റ്ററായ സി.സി.ഏബ്രഹാം (60) പുല്ലാട് ചെറുതോമ്പിൽ കോമാട്ട് കുടുംബാംഗമാണ്. കുമ്പനാട് ഹെബ്രോൻ ബൈബിൾ കോളേജിൽ നിന്നും വേദപഠനം പൂർത്തിയാക്കിയ ശേഷം പത്തനംതിട്ട, പത്തനാപുരം, പുനലൂർ, കൊട്ടാരക്കര, റാന്നി, കുമ്പനാട് സെന്ററുകളിൽ സഭാശുശ്രൂഷകനായിരുന്നു. പി.വൈ.പി.എയുടെ സംസ്ഥാന പബ്ലിസിറ്റി കൺവീനർ, ഐ.പി.സി ലാന്റ് & ബിൽഡിംങ് ബോർഡ് ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. പേഴുംപാറ സഭാ ശുശ്രൂഷകനാണ്. സഭാ നേതൃത്വത്തിൽ പുതുമുഖമാണ്. ഭാര്യ: അമ്മുക്കുട്ടി. മക്കൾ: ജോമോൻ, ജോബി, ജോളി, ജോൺസി.

ജോയിന്റ് സെക്രട്ടറിയായ മോനി കരിക്കം (52) കൊട്ടാരക്കര അലൈഡ് കാഷ്യൂ ഇൻഡസ്ട്രീസ് സ്ഥാപകൻ പരേതനായ കുന്നുവിള സി.ഐ.ലൂക്കോസിന്റെ മകനാണ്. സീയോൻ കാഹളം ചീഫ് എഡിറ്റർ, മിഷൻ ബോർഡ് സെക്രട്ടറി, പി.വൈ.പി.എ സെന്റർ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. സഭാ നേതൃത്വത്തിൽ പുതുമുഖമാണ്. ഭാര്യ: റെനി. മക്കൾ: മിര്യാം, മേരബ്, മിഷേൽ.

സഭാ കൗൺസിൽ അംഗങ്ങൾ 78 പേർ. ഇതിൽ 40 പേർ പാസ്റ്റർമാരും 38 പേർ വിശ്വാസികളിൽ നിന്നുമാണ്. പാസ്റ്റർമാർ: എം.പി. ജോർജുകുട്ടി, ഫിലിപ്പ് പി. തോമസ്, സാംകുട്ടി ജോൺ ചിറ്റാർ, സാംകുട്ടി ചാക്കോ നിലമ്പൂർ, കെ.വി. ചാക്കോ, പി.വി. ഐസക്ക്, ബെൻസൺ തോമസ്, തോമസ് ജോസഫ്, പി.എ. മാത്യു, രാജു ആനിക്കാട്, സാംകുട്ടി ചാക്കോ, തോമസ് മാത്യു ചാരുവേലിൽ, സുനിൽ വേട്ടമല, സുധീർ വർഗീസ്, സണ്ണി ഏബ്രഹാം, തോമസ് ഫിലിപ്പ് വെൺമണി, ജെയിംസ് ഏബ്രഹാം, ഏബ്രഹാം ജോർജ്, സിനോജ് ജോർജ്, സാം ഡാനിയേൽ, ചാക്കോ ദേവസ്യ, കെ.വൈ. ജോഷ്വാ, എം.റ്റി. തോമസ്, ജോൺ ജോർജ്, ഡാനിയേൽ കൊന്നനിൽക്കുന്നതിൽ, വി.എ.സണ്ണി, എച്ച്. റൂഫസ്, എച്ച്. അഗസ്റ്റിൻ, ജെയിംസ് അലക്സാണ്ടർ, ദാനിയേൽ ജോർജ്, ജോസ് കെ. ഏബ്രഹാം, ജോൺ റിച്ചാർഡ്, ജി. തോമസുകുട്ടി, വി.വൈ.തോമസ്, റ്റി.എ. തമ്പി, അനിൽ കുര്യാക്കോസ്, ജോയി എ. ജേക്കബ്, സി.സി. ചാക്കോ, ജോയി പെരുമ്പാവൂർ, കെ.എം. സാംകുട്ടി.

വിശ്വാസികൾ: സണ്ണി മുളമൂട്ടിൽ, ജോജി ഐപ്പ് മാത്യൂസ്, ഏബ്രഹാം ജോസഫ് (സുധി), ഷാജി മേമന, അജി ഏബ്രഹാം, പീറ്റർ മാത്യു വല്ല്യത്ത്, ബിനോയ് ഇടക്കല്ലൂർ, മോൻസി കിഴക്കേടത്ത്, റ്റി.റ്റി. ബേബി, കെ.റ്റി. ജോഷ്വാ, രാജു മാത്യു, കുര്യൻ ജോസഫ്, ഗ്ലാഡ്സൺ ജേക്കബ്, ബെന്നി പുള്ളോലിക്കൽ, തോമസ് ഫിന്നി, ജോസ് ജോൺ, എം.വി. ഫിലിപ്പ്, ജെസ്റ്റിൻ രാജ്, വെസ്ലി പി. ഏബ്രഹാം, ബിജു വർഗീസ്, ഷിജോ കട്ടപ്പന, സജി മത്തായി കാതേട്ട്, പി.ജി. മത്തായി, പീറ്റർ മാത്യു കല്ലൂർ, എൽ.കെ. റോയി, ഷിബു വിക്ടർ, ജി. കുഞ്ഞച്ചൻ, ജെയിംസ് ജോർജ്ജ്, പി.വി.കുട്ടപ്പൻ, സാം സി. ഡാനിയേൽ, തമ്പി മുടവന്തിയിൽ, സണ്ണി ഏബ്രഹാം, ജി.സാബു, കെ.പി. ജോസ്, എം.ജെ. സാമുവൽ, വി.സി. മാത്യു, വി.എസ് ചാക്കോ, കെ. ജോർജ് തോമസ്.

## 08 ഹരിതഗൃഹപ്രഭാവം...

ക്കുന്നു) എന്നിവയാണ്. അന്തരീക്ഷത്തിലെ ഓസോൺ പാളികളെ പ്രതികൂലമായി ബാധിക്കുന്നു എന്നതാണ് ഈ വാതകങ്ങളുടെ പ്രധാന ദൂഷ്യം ആയി കാണുന്നത്. ഇക്കാരണങ്ങൾ കൊണ്ട് ഹരിത ഗ്രഹ വാതകങ്ങളുടെ ഉപയോഗം കഴിവതും കുറയ്ക്കാൻ 2011–ൽ നടന്ന മോൻട്രിയാൽ കാലാവസ്ഥാ വ്യതിയാന സമ്മേളനം ആഹ്വാനം ചെയ്തത്. വാതകങ്ങൾ അന്തരീക്ഷത്തിൽ ലയിക്കുന്നത് വഴിയുള്ള താപനവും കൂടുതൽ ഉപദ്രവകരം ആണ്. ഇന്നുപയോഗിക്കുന്ന ശീതീകരണവാതകങ്ങൾ സ്വാഭാവികമായുള്ളതല്ല. ഫ്ളൂറിൻ കലർന്ന വാതകങ്ങളെല്ലാം മനുഷ്യനിർമിതമാണ്. ശീതീകരണത്തിനോടൊപ്പം അലുമിനിയം, അർദ്ധചാലകങ്ങൾ ഇവയുടെ നിർമമാണത്തിലും ഇത്തരം വാതകങ്ങൾ ഉണ്ടാവുന്നു. കുറഞ്ഞ തോതിൽ ആണെങ്കിലും അന്തരീക്ഷത്തിൽ കലരുന്ന ഈ വാതകങ്ങൾ 500 വർഷത്തിനു മേലിൽ അന്തരീക്ഷത്തിൽ നില നില്കുന്നു എന്ന് മനസിലാക്കിയിരിക്കുന്നു. മറ്റു ഹരിത വാതകങ്ങളെക്കാൾ ഇവ ആഗോള താപനത്തിന് കൂടുതൽ കാരണമാവുന്നു. ഇവ അന്തരീക്ഷത്തിൽ കലർന്നാൽ സൂര്യ പ്രകാശം മൂലം മാത്രം അന്തരീക്ഷത്തിന്റെ വളരെ ഉയർന്ന ഭാഗത്ത് വച്ച് മാത്രമേ ഇവയ്ക്കു നാശം സംഭവിക്കുകയുള്ളൂ. ചുരുക്കത്തിൽ ഭൂമിയിൽ പ്ലാസ്റ്റിക് എന്നപോലെ അന്തരീക്ഷത്തിൽ നാശം വരാതെ നിലനില്കുന്ന ഫ്ളൂറിൻ കലർന്ന വാതകങ്ങൾ ഇക്കാരണത്താൽ കുറഞ്ഞ തോതിലാണെങ്കിലും കൂടുതൽ അപകടകാരികൾ ആണ്. ഇവയെ കാലക്രമേണ ഒഴിവാക്കേണ്ടത് ആവശ്യമാണ്.

## നിത്യതയിൽ



**ഡോ. ജോൺ പി. ശാമുവേൽ (അച്ചൻ–83)**

**ഒക്കലഹോമ:** പത്തനംതിട്ട മാടപ്പള്ളിൽ പതാലിൽ പരേതനായ മത്തായി യോഹന്നാന്റെയും റെയ്ച്ചൽ യോഹന്നാന്റെയും മൂന്നാമത്തെ മകൻ റവ. ഡോ. ജോൺ പി.ശാമുവേൽ (അച്ചൻ) നിത്യതയിൽ. ഡോ. ശാമുവേൽ ഇന്ത്യാ ഫുൾഗോസ്പൽ മിഷന്റെ സ്ഥാപകനും മുൻ പ്രസിഡന്റും ആണ്. ഭാര്യ: ഗ്രേസ് ശാമുവേൽ. മക്കൾ: ജോൺ വെസ്ലി ശാമുവേൽ, ഡാൻ സ്റ്റാൻലി ശാമുവേൽ. മരുമക്കൾ: ആംബർ ശാമുവേൽ. കൊച്ചു മക്കൾ: സോഫി, സറി. സഹോദരന്മാർ: മാത്യൂ ജോൺ, റവ. ജോർജ്ജ് ജോൺ, തോമസ് ജോൺ, സഹോദരി റെയ്ച്ചൽ രാജൻ.

**മേരി ജോർജ് (48)**



**കുമ്പനാട്:** തെള്ളിയൂർ ശാലേം ഐ. പി. സി. ശുശ്രൂഷകൻ കാതേട്ട് വീട്ടിൽ പാസ്റ്റർ കെ. വി. ജോർജിന്റെ ഭാര്യ മേരി ജോർജ് (48) നിത്യതയിൽ. പാസ്റ്റർ ബിജുമോൻ ചാക്കോയുടെ നേതൃത്വത്തിൽ പാസ്റ്റർ ടി. ജെ. സാമുവേൽ (ഏ. ജി. മലയാളം ഡിസ്ട്രിക്ട് സൂപ്രണ്ട്) സംസ്കാര ശുശ്രൂഷ നിർവ്വഹിച്ചു.

മക്കൾ: ഗ്രേസ് കെ. ജോർജ്, ഗിഫ്റ്റി കെ. ജോർജ്

## 05 ↩ സഭാസ്ഥാപനവും സുവിശേഷീ....

ദൈവകൃപയാണ്. ഓപ്പറേഷൻ മൊബൈലേസേഷൻ എന്ന സംഘടനയിൽ ഞാൻ ടീം ലീഡറായിരുന്നു. അവിടെവെച്ച് ലീഡർഷിപ്പ് ട്രെയിനിംഗ് ലഭിച്ചിരുന്നു. ഫിലിപ്പൈൻസിലെ പഠനം ഏറെ പ്രയോജനകരമായിരുന്നു. മൂൻ ഓവർസീയർമാർമാരോടൊപ്പം പ്രവർത്തിച്ച അനുഭവം. അന്തർദ്ദേശീയ നേതൃത്വത്തോടൊപ്പമുള്ള അടുത്ത സൗഹൃദം എല്ലാം സ്വാധീനിച്ചിട്ടുണ്ട്.

** വിശ്വാസികളെ ജൂഡിഷ്യൽ ആക്ടീവസത്തിലേക്ക് തള്ളിവിടുന്നതിൽ നേതൃത്വത്തിനു പങ്കില്ലേ?*

പ്രശ്നങ്ങൾക്ക് ആത്മിക പരിഹാരം കണ്ടെത്തണം. ഇതിനുള്ള ആഭ്യന്തര സംവിധാനം ഉണ്ടാകണം. 'ലോ അഫയേഴ്സ് കമ്മിറ്റി' ആവശ്യമാണെന്ന് തോന്നുന്നു. കോടതി വ്യവഹാരത്തലേക്കും ഗുണ്ടായിസത്തിലേക്കും വിശ്വാസികളെ തള്ളിവിടുന്നത് ആത്മിക നേതൃത്വത്തിന് യോജിച്ചതല്ല.

** ചർച്ച് ഓഫ് ഗോഡിൽ രണ്ടാംനിര നേതൃത്വത്തിന്റെ ദാരിദ്ര്യം ഉണ്ടോ ?*

രണ്ടാംനിര നേതൃത്തെ ഉയർത്തിക്കൊണ്ടുവരികയാണ് എന്റെ ലക്ഷ്യം. കഴിവും കൃപയും ഉള്ള വിദ്യാസമ്പന്നരായ അനവധി യുവാക്കൾ സഭയിലുണ്ട്.

** വിശ്വാസികളുടെ പങ്കാളിത്തം ?*

വിശ്വാസികളുടെ കഴിവുകൾ സഭാ വളർച്ചയ്ക്കായി ഉപയോഗിക്കും. അതിന്നായി എംപ്ലോയിസിനെയും പ്രൊഫഷനുകളെയും സംഘടിപ്പിക്കും. സർക്കാർ സേവനം ചെയ്ത അൽമായരെ നേതൃത്വത്തിന്റെ ഭാഗമാക്കും.

** 'ലോബിയിംഗ്' ഒരു പ്രശ്നമാണ്. താങ്കൾക്ക് ലോബിയുമുണ്ടോ ?*

'ലോബിയിംഗ്' പാടില്ല. ഞാൻ തെരഞ്ഞെടുക്കപ്പെട്ടാൽ എല്ലാവരുടെയും ഓവർസീയർ ആയിരിക്കും.

** ക്രിമിനൽ വാസന, കച്ചവട ആത്മികത, കോർപ്പറേറ്റ് വൽക്കരണം ഇവ സഭയെ സ്വാധീനിക്കുന്നുണ്ടല്ലോ?*

പൊതു സമൂഹത്തിന്റെ ദുഷ്പ്രവണതകൾ സഭയിലും പ്രകടമാണ്. അനാത്മീക പ്രവണതകളെ പ്രോത്സാഹിപ്പിക്കില്ല.

** ന്യൂ ജനറേഷൻ പ്രവണതകളെപ്പറ്റി ?*

വചനവിരുദ്ധമായ ഒരു ശുശ്രൂഷയും അംഗികരിക്കില്ല. ഇത്തരം വിഷയങ്ങളെ നേരിടാനും പ്രതിരോധിക്കാനും ഉപദേശം വിശദീകരിക്കാനുംവേണ്ടി, തിയോളജിക്കൽ & ലിറ്റർജി ഫോറം ആവശ്യമാണ്.

** മലബാർ, തെക്കൻ, ഹൈറേഞ്ച് മേഖലകൾ ഇന്നും പിന്നോക്കാവസ്ഥ അനുഭവിക്കുന്നല്ലോ?*

ശരിയാണ്. ഈ മേഖലകൾക്കായി പ്രത്യേകം പാക്കേജ് ആവശ്യമാണ്. മലബാറിലും തിരുവനന്തപുരത്തും ഓഫീസിന്റെ അനക്സ് ആവശ്യമാണ്. ഈ മേഖലകൾക്ക് കൂടുതൽ അധികാരത്തോടെ ഡയറക്ടർമാരെ നിയമിക്കും. അസി.ഓവർസീയർക്ക് ഭരണപരമായ അധികാരം നൽകും.

** പ്രവാസി മലയാളികളെപ്പറ്റി?*

പ്രവാസി മലയാളികളുടെ വിഭവശേഷി മിഷൻ പ്രവർത്തനങ്ങളിലും ജീവകാരുണ്യപ്രവർത്തനങ്ങളിലും പ്രയോജനപ്പെടുത്തണം. ഇതിന്റെ ഏകോപനത്തിനായി ഓവർസീസ് സെൽ, എൻ. ആർ. ഐ. കൗൺസിൽ തുടങ്ങിയവ ആലോചനയിലുണ്ട്.

** മുൻകാലങ്ങളിൽ കൗൺസിൽ അംഗങ്ങൾക്കും ശുശ്രൂഷകന്മാർക്കും ഉണ്ടായിരുന്ന ഇമേജിന് ഇടിവ് ഉണ്ടായിട്ടുണ്ടോ?*

കൗൺസിൽ അംഗങ്ങളുടെ അധികാരവും അവകാശങ്ങളും ശുശ്രൂഷകന്മാരുടെ പദവിയും മാന്യതയും സംരക്ഷിക്കും.






## എ പ്ലസ് നേടി



**ചെങ്ങന്നൂർ:** ഈ കഴിഞ്ഞ പ്ലസ്ടു പരീക്ഷയിൽ എല്ലാ വിഷയത്തിനും എ പ്ലസ് നേടിയ സ്നേഹാ മരിയൻ ബിജു ചെങ്ങന്നൂർ ടൗൺ ദൈവസഭാംഗവും തട്ടയിൽ ബംഗ്ലാവിൽ പാസ്റ്റർ ബിജു കോശി, റീനാ ബിജു ദമ്പതികളുടെ മകളും ആണ്.

## ധ്യാനം

# ആദാമിന്റെ മക്കൾ ..... അവർ വ്യത്യസ്തർ!!




**ഷൈജു ഡാനിയേൽ, അടൂർ**
**shyjudani@gmail.com**


എല്ലാ മനുഷ്യരും വ്യത്യസ്തരാണ്. ജനനത്തിൽ തുടങ്ങി വളർച്ചയിൽ, ഒടുക്കം മരണം വരിക്കുന്നതിലും മനുഷ്യർ തുല്യരല്ല. ഈ ഭൂമിയിൽ ജീവിക്കുവാൻ ലഭിക്കപ്പെടുന്ന അവസരങ്ങളത്രെയും മനുഷ്യർ പ്രശ്നങ്ങളെ സമീപിക്കുന്നതും ജീവിതത്തെ വിലയിരുത്തുന്നതും ഒന്നു പോലെയല്ല. അവന്റെ സമസ്ത മേഖലകളിലും മനുഷ്യന് വിവിധങ്ങളായ ആശയങ്ങളും അഭിപ്രായങ്ങളും ഉണ്ടായിരിക്കും. എന്നതു പോലെ ഒരു കേവലപ്രതിഭാസമല്ല. ഒരേ മാതാപിതാക്കന്മാരിലൂടെ ഒരേ ഭവനത്തിൽ ജനിക്കുന്നവരിലും പ്രകടമായ വ്യത്യാസങ്ങൾ കാണുവാൻ കഴിയും. ഈ വ്യത്യസ്തത ദൈവത്തോടും ദൈവീക വിഷയങ്ങളോടുള്ള പ്രതികരണങ്ങളിലും പ്രതിഫലിച്ചു കാണാം.

ആദ്യ മാതാപിതാക്കളുടെ ആദ്യ സന്താനങ്ങൾ..... കാര്യങ്ങൾ മനസിലാക്കിയതുപോലെ.... പാഠങ്ങൾ പഠിച്ചത് ഒരുപോലെ.... ഉപദേശങ്ങൾ ശ്രവിച്ചത് ഒരു പോലെ.... എങ്കിലും ഇരുവരും വ്യത്യസ്തർ ആയിരുന്നു. അരുതുകളുടെ ലംഘനത്തിലൂടെ അമ്മയപ്പന്മാർക്ക് സംഭവിച്ച അപജയങ്ങൾ അവരറിഞ്ഞിട്ടുണ്ടാകണം. പാമ്പിന്റെ തന്ത്രങ്ങൾക്ക് വഴങ്ങേണ്ടി വന്ന അമ്മയുടെ ദുരവസ്ഥ അവർ ഗ്രഹിച്ചിട്ടാകണം. വിലക്കുകളെ മറികടന്നതിലൂടെ നഗ്നരായ അവരുടെ നാണം മറയ്ക്കാൻ കൂട്ടിത്തുന്നി രൂപപ്പെടുത്തിയ അത്തിയില വെയിലിൽ കരിഞ്ഞതും പകരം കൊലചെയ്യപ്പെട്ട മൃഗത്തിന്റെ തോൽ അവരുടെ നഗ്നതയ്ക്ക് പരിഹാരമായും ഇതിനൊക്കെ കാരണമായ അനുസരണകേടിന്റെ അനന്തരഫലങ്ങളെ കുറിച്ച് അപ്പനമ്മമാർ അവരോരോടറിയിച്ചിട്ടുണ്ടാകണം. ഇനിയും തങ്ങളിലൂടെ ഇതാവർത്തിക്കപ്പെട്ടാൽ ഉണ്ടാകാനുള്ള ദുരന്തങ്ങളെ കുറിച്ചും ഇവർ നന്നായി ഗ്രഹിച്ചിട്ടുണ്ടാകണം. തങ്ങൾക്കു സംഭവിച്ച അബദ്ധങ്ങൾ അവരിൽ ആവർത്തിക്കപ്പെടാതിരിക്കാൻ അവരാലാവും തങ്ങളുടെ മക്കളെ മുൻകഴിഞ്ഞ വസ്തുതകൾ അറിയിച്ചിട്ടാണ്ടാകണം. ഇതെല്ലാം അവർ ഇരുവരും ഒരു പോലെ അറിഞ്ഞിട്ടും അവർ വ്യത്യസ്തരായിരുന്നു. അവരുടെ ചിന്തകൾ, വികാരങ്ങൾ, വിചാരങ്ങൾ, അഭിപ്രായങ്ങൾ, പ്രതികരണങ്ങൾ അവയെല്ലാം സഞ്ചരിച്ചത് സമാന്തരങ്ങളായിട്ടായിരുന്നു. പ്രത്യക്ഷത്തിൽ രണ്ടുപേരുടെയും മനശാസ്ത്രം ഒന്നാണെന്ന് തോന്നാമെങ്കിലും ചില പ്രത്യേക സാഹചര്യങ്ങളിൽ ദൈവത്തോട് ഉള്ള അവരുടെ നിലപാടുകളിലൂടെ അവരിരിക്കും അവരിലെ വ്യത്യസ്തത ലോകമറിയുന്നത്. ആത്യന്തികമായി ദൈവമാണ് തെളിയിക്കുന്നത് ആരാണ് ദൈവത്തെ യഥോചിതം പ്രസാദിപ്പിക്കാൻ ശ്രമിക്കുന്നവർ എന്നും കല്പന പ്രകാരം അവിടുത്തെ വഴികളെ പിന്തുടരുന്നവർ എന്നും ആദ്യത്തെ യാഗം നടത്തി അത്യന്നതനിൽ നിന്നും അനുഗ്രഹം ആശിച്ചവർ ആണ് ഇരുവരുമെന്നതിൽ തർക്കമില്ല. ദൈവീക വിഷയങ്ങളോടുള്ള സമീപനത്തിൽ നാം എടുക്കുന്ന തീരുമാനങ്ങൾ, ദൈവത്തെ പ്രസാദിപ്പിക്കുവാൻ നാം തിരഞ്ഞെടുക്കുന്ന വഴികൾ അതിനുവേണ്ടി നാം ഉപയോഗിക്കുന്ന വസ്തുതകൾ ഒക്കെ ദൈവീക നിരീക്ഷണത്തിൽ ആണ് എന്നത് നാം വിസ്മരിക്കരുത്. ഇരുവരുടെയും ആഗ്രഹം ഒന്നായിരുന്നു- അവരുടെ യാഗത്തിൽ ദൈവപ്രസാദമിറങ്ങുക!. പക്ഷെ അവർ തിരഞ്ഞെടുത്ത മാർഗ്ഗങ്ങളിലൂടെ അവർ ഇരുവരും ദൈവമുൻപാകെ വ്യത്യസ്തരായി തീർന്നു. ഒരുവന്റെ യാഗം ദൈവം പ്രസാദിച്ചു. അതു അപരനിൽ അനുജനോട് വലിയ പ്രധിഷേധത്തിനു ഹേതുവാക്കി. അവനിൽ പ്രകടമായ അനിയന്ത്രിതമായ അനിഷ്ടവും കോപവും കനത്ത തകർച്ചയിലേക്ക് അവനെ നയിച്ചു.

യേശുക്രിസ്തുവിനെ അനുധാവനം ചെയ്യുന്നതിലൂടെ നാമെല്ലാം ഒരേ ഭവനത്തിലെ അംഗങ്ങൾ ആണെങ്കിലും പലവുരു നമ്മിൽ രൂപപ്പെടുന്ന ചിന്തകളുടെയും ആവിഷ്ക്കാരങ്ങളുടെയും അവതരണങ്ങളുടെയും അഭിപ്രായങ്ങളുടെയും വ്യത്യസ്തത നമ്മെ നയിക്കുന്നത് വിവിധ ദിശകളിലേക്കായിരിക്കും എന്നുള്ളതിൽ രണ്ടു പക്ഷമില്ല. നാമെല്ലാം മനസിലാക്കിയ വസ്തുതകും ഉപദേശങ്ങളും ഒന്നാണെങ്കിലും ദൈവത്തിനർപ്പിക്കുന്ന യാഗത്തിൽ നാം സ്വീകരിക്കുന്ന വിവിധ സമീപനങ്ങൾ വിലയിരുത്തപ്പെടേണ്ടതുണ്ട്. പൊതുവിൽ നാമെല്ലാം ക്രിസ്തു അനുയായികൾ ആണെന്നു തോന്നാമെങ്കിലും നമ്മിലെ ഭാവം എന്താണ് എന്നതിന്റെ അടിസ്ഥാനത്തിൽ ആണ് ദൈവപ്രസാദത്തിന് നാം പാത്രമാകുന്നത്. ക്രിസ്തുവിന്റെ ഭാവം നിങ്ങളിലും ഉണ്ടായിരിക്കട്ടെ എന്ന തിരുവചനത്തിന്റെ കരുത്തുറ്റ സന്ദേശമാണ് നമ്മുടെ ഗതിനിർണ്ണയിക്കുന്നത്. ആ അതുല്യ സ്വഭാവത്തിന്റെ മനപൂർവ്വമായ സ്വീകരണം നമ്മിൽ ഉളവാകുമ്പോൾ മാത്രമാണ് ദൈവത്തിനുവേണ്ടി ശരിയായ തീരുമാനങ്ങൾ എടുക്കുവാൻ കഴിയുന്ന പരിജ്ഞാനത്തിലേക്ക് നാം നയിക്കപ്പെടുന്നത്. നമ്മെ ദൈവം തിരഞ്ഞെടുത്തിരിക്കുന്നത് ഈ ലോകത്തിൽ വ്യത്യസ്തരായി നിലകൊള്ളുവാനാണ്. പക്ഷെ ആ വ്യത്യസ്തത കായീന് സംഭവിച്ചത് പോലെ ദൈവീക തിരഞ്ഞെടുപ്പിന്റെ പുതപ്പു നമ്മിൽ വീണത് ഈ ലോകത്തിനനുരൂപരായി മാനുഷിക പ്രസാദം നേടി ഇവിടെ ഒടുങ്ങി തീരാനുള്ളതല്ല എന്ന ഉൾചിന്ത നമ്മെ എപ്പോഴും ഉദ്യമിപ്പിച്ചു കൊണ്ടിരിക്കണം. ദൈവപ്രസാദം ലഭിക്കുന്ന പ്രവർത്തികളുടെ പ്രതിനിധികൾ ആയി നാം മാറണം. അതുമൂലം നമ്മിൽ ഇറങ്ങുന്ന ദൈവപ്രസാദത്തിലൂടെ അസൂയാലുക്കളായ ശത്രുസംഘങ്ങൾ ഒരുപാടുണ്ടായാലും ആദാമിന്റെ മകൻ ഹാബേൽ ഇന്നും വ്യത്യസ്തനാണ്. ദൈവീക ആരാധനയ്ക്കായി താൻ തിരഞ്ഞെടുത്ത വ്യത്യസ്തത തന്റെ ജീവിതത്തെ തന്നെ വ്യത്യസ്തമാക്കി. കാലങ്ങൾ പലതു കഴിഞ്ഞിട്ടും ദൈവം പ്രസാദിച്ച ഹാബേൽ വ്യത്യസ്തനാണ്!!!

MOB: 9447368795
beljourn@gmail.com
beljourn.com/ www.bjournal.org
VOL 09, ISSUE 10

BELIEVERS JOURNAL

PUBLISHED ON 25/05/2016

BELIEVERS JOURNAL
P. O. Box: 31, Manjadi P.O.,
Thiruvalla - 689 105
Posted at RMS Thiruvalla

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2015-17 | Price: ₹10

## ലേഖനം


# ഹരിതഗൃഹപ്രഭാവം



**ഷൈജു തോമസ് ഞാറയ്ക്കൽ**
9447313709

*യെശയ്യാവ് 24: 5,6 ഭൂമിയിലെ ഉന്നതന്മാർ ക്ഷീണിച്ചുപോകുന്നു. ഭൂമി അതിലെ നിവാസികളാൽ മലിനമായിരിക്കുന്നു; അവർ പ്രമാണങ്ങളെ ലംഘിച്ചു ചട്ടത്തെ മറിച്ചു നിത്യനിയമത്തിന്നു ഭംഗം വരുത്തിയിരിക്കുന്നു. അതുകൊണ്ടു ഭൂമി ശാപഗ്രസ്തമായി അതിൽ പാർക്കുന്നവർ ശിക്ഷ അനുഭവിക്കുന്നു; അതുകൊണ്ടു ഭൂവാസികൾ ദഹിച്ചുപോയി ചുരുക്കംപേർ മാത്രം ശേഷിച്ചിരിക്കുന്നു.*

ആഗോളതാപനത്തെപ്പറ്റി ആശങ്ക എത്ര വർദ്ധിച്ചിട്ടും, അന്തരീക്ഷത്തിലെത്തുന്ന ഹരിതഗൃഹവാതകങ്ങൾക്ക് കുറവ് വന്നിട്ടില്ല. മാത്രമല്ല, വാതകവ്യാപനത്തിന്റെ തോത് കാര്യമായി വർദ്ധിക്കുകയും ചെയ്തിരിക്കുന്നു. ആഗോളതാപനം തടയാൻ ഉദ്ദേശിച്ച് നിലവിൽ വന്ന ക്യോട്ടോ ഉടമ്പടി വേണ്ടത്ര ഗുണം ചെയ്തിട്ടില്ല എന്നാണ് ഇത് വ്യക്തമാക്കുന്നത്. ആഗോളതാപനംകൊണ്ടുണ്ടാകുന്ന ആപൽക്കരമായ സ്ഥിതിവിശേഷത്തിനു തടയിടുവാനായി ഹരിതഗൃഹവാതകങ്ങളുടെ നിർഗമനത്തിൽ വരുത്തേണ്ട വെട്ടിച്ചുരുക്കൽ സംബന്ധിച്ച് 160 ലോകരാഷ്ട്രങ്ങൾ ചേർന്നുണ്ടാക്കിയ ഉടമ്പടിയാണ് ക്യോട്ടോ ഉടമ്പടി. സൂര്യനിൽ നിന്ന് പുറപ്പെട്ട് ഭൂമിയിൽ പതിക്കുന്ന സൂര്യകിരണങ്ങൾ പ്രതിഫലിച്ച് അന്തരീക്ഷത്തിലേക്ക് ദീർഘതരംഗങ്ങളായിത്തീരുമ്പോൾ ഈ തരംഗങ്ങളിലെ ചൂട് ആഗിരണം ചെയ്ത് അന്തരീക്ഷത്തിലെ ചില വാതകങ്ങൾ ഭൂമിയിലെ ചൂട് വർദ്ധിപ്പിക്കുന്നതിനെയാണ് ഹരിതഗൃഹപ്രഭാവം എന്ന് വിളിക്കുന്നത്. കാർബൺ ഡൈ ഓക്സൈഡ്, നൈട്രസ് ഓക്സൈഡ്, നീരാവി, ഓസോൺ തുടങ്ങിയ വാതകങ്ങളെയാണ് ഹരിതഗൃഹ വാതകങ്ങൾ എന്നറിയപ്പെടുന്നുത്. അതിൽ 2005-ൽ മാത്രം ഹരിതഗൃഹവാതകമായ കാർബൺഡയോക്സയിഡിന്റെ സാന്ദ്രത അന്തരീക്ഷത്തിൽ അരശതമാനം ഏറിയെന്ന് ഐക്യരാഷ്ട്രസഭയ്ക്കു കീഴിലുള്ള 'ലോക കാലാവസ്ഥാ സംഘടന' നടത്തിയ പഠനം വ്യക്തമാക്കുന്നു. അങ്ങനെ അന്തരീക്ഷത്തിലെത്തുന്ന ഹരിതഗൃഹവാതകങ്ങളുടെ അളവ് ഏറുകയും അതുനിമിത്തം ആഗോളതാപനത്തിന്




ആക്കം കൂട്ടിക്കൊണ്ട് പുതിയൊരു പഠനം മുന്നറിയിപ്പു നൽകുന്നു. അന്തരീക്ഷ താപനില ഉയരുന്നത് കാലാവസ്ഥയിൽ അപ്രതീക്ഷിത മാറ്റങ്ങളുണ്ടാക്കും. ധ്രുവഹിമപാളികളും ഹിമാനികളും ഉരുകി സമുദ്രജലനിരപ്പിൽ ഗണ്യമായ ഉയർച്ച ഉണ്ടാകും. പല ദ്വീപുകളും സമുദ്രതീരപ്രദേശങ്ങളും ഇതോടെ കടലിനടിയിലാകും. കാലാവസ്ഥാ വ്യതിയാനത്തിന് കാരണമായ കാർബൺ ഡൈഓക്സൈഡ്, നൈട്രജൻ ഓക്സൈഡ്, സൾഫർ ഡൈ ഓക്സൈഡ്, അമോണിയ തുടങ്ങിയ ഹരിതഗൃഹ വാതകങ്ങൾ ക്രമാതീതമായി അന്തരീക്ഷത്തിലേക്ക് പുറന്തള്ളുന്നത് വലിയ അപകടങ്ങൾ സൃഷ്ടിക്കുന്നു. ഒരു വർഷം ഒരാൾ പുറന്തള്ളുന്ന കാർബൺ ഡൈഓക്സൈഡ് മുഴുവനായും ആഗിരണം ചെയ്യാൻ ഏതാണ്ട് 96 മരങ്ങൾ ഭൂമിയിൽ വേണ്ടിവരുമെന്നാണ് കണക്ക്.

ഭൂമിയിലെ ജീവലോകത്തിന് ആവശ്യമായ ഊർജ്ജം ലഭിക്കുന്നത് സൂര്യനിൽ നിന്നാണ്. സൂര്യനെക്കൂടാതെ ഈ ഭൂമിയിൽ ആർക്കും നിലനില്ക്കുവാൻ സാദ്ധ്യമല്ല. എന്നാൽ സൂര്യനിൽ നിന്നും പുറപ്പെടുന്ന എല്ലാം മനുഷ്യന് ആവശ്യമുള്ളതുമല്ല, അതുകൊണ്ട് മനുഷ്യന് ആവശ്യമുള്ളത് മാത്രം ഭൂമിയിൽ പതിക്കതക്ക നിലയിൽ 1200 കിലോമീറ്ററുകളോളും അന്തരീക്ഷത്തിലൂടെ സഞ്ചരിച്ചാണ് സൂര്യന്റെ കിരണങ്ങൾ ഭൂമിയിൽ പതിക്കുന്നത്. ഈ പ്രയാണത്തിനിടയിൽ സൂര്യനിൽ നിന്ന് പുറപ്പെടുന്ന കിരണങ്ങളിലെ മാരകമായ പല രശ്മികളും അന്തരീക്ഷത്തിൽ നഷ്ടമാകും. അതിന് സഹായമാകുന്ന നിലയിലാണ് ദൈവം ഈ പ്രപഞ്ചത്തെ സൃഷ്ടിച്ചത്. ഭൂമിയിൽ ജീവൻ നിലനില്ക്കുന്നതിന് സാധ്യമായ നിലയിൽ ദൈവം ഭൂമിയെ നവികരിച്ചു. എന്നാൽ കഴിഞ്ഞ മുപ്പത് വർഷങ്ങളായി അന്തരീക്ഷത്തിൽ ഭൂമിയിലെ ജീവന്റെ നിലനിൽപ്പിനെ ബാധിക്കുന്ന തരത്തിൽ ഹരിതഗൃഹവാതകങ്ങൾ വർദ്ധിക്കുന്ന. ഇങ്ങനെ ഹരിതഗൃഹവാതകങ്ങളുടെ സാന്നിധ്യം അതിശയിപ്പിക്കുന്ന നിലയിൽ വർദ്ധിക്കുന്നത് ഭൂമിയുടെയും ഇനി വരുന്ന ഒരു തലമുറയുടെയും നിലനിൽപ്പിനെ തന്നെ ബാധിക്കുന്ന പ്രശ്നമായി മാറുകയാണെന്ന് ലോക കാലവസ്ഥ സംഘടന സെക്രട്ടറി ജനറൽ മൈക്കൽ ജറൗഡ് പറയുന്നു. മനുഷ്യന്റെ ജീവിത നിലവാരം നന്നാകുന്തോറും കൂടുതൽ ശീതീകരണ യന്ത്രങ്ങളുടെ ഉപയോഗവും കൂടി വരുന്നു, ഇന്ത്യയിലും മറ്റു രാജ്യങ്ങളിലും. കൂടുതൽ വൈദ്യുതി വേണ്ടി വരുന്നു എന്നതുമാത്രമല്ല ഇതിൽ നിന്നുള്ള ദൂഷ്യം. ഫ്രിഡ്ജിലും മറ്റു ശീതീകരണ ഉപകരണങ്ങളിലും തണുപ്പിക്കാൻ ഉപയോഗിക്കുന്ന വാതകങ്ങൾ അന്തരീക്ഷത്തിലെ ഹരിതഗൃഹ വാതകങ്ങളുടെ അനുപാതം കൂട്ടുന്നു എന്നത് വസ്തുതയാണ്. ഇവ പ്രധാനമായും ഹൈഡ്രോ ഫ്ളൂറോ കാർബൺ പെർഫ്ളൂറോ, സൾഫർ ഹെക്സാ ഫ്ളൂറൈഡ് (വൈദ്യുത ബന്ധം വേർപെടുത്താൻ ഉപയോഗിക്കുന്ന സ്വിച്ചുകളിൽ ഉപയോഗി

06

## അമേരിക്കൻ വീക്ഷണം

# പ്രതീക്ഷയോടെ സന്ദർശകരായ ശുശ്രൂഷകർ ചിലരുടെ നാവ് അവർക്ക് തന്നെ വിഘ്നാതമാകുമ്പോൾ!



**ജോൺസ് പി. മാത്യൂസ്**
**ടെന്നസ്സി**

**അ**മേരിക്കയിൽ സന്ദർശന വിസയിൽ എത്തുന്ന ദൈവദാസന്മാർ ഏറെ പേരും നിറയെ പ്രതീക്ഷയോടെയാണ് വരുന്നത്. കൊയ്ത്തിന്റെ കാലം അടുക്കുമ്പോൾ കർഷകന്റെ ഉള്ളിൽ രൂപപ്പെടുന്ന പ്രതീക്ഷയുടെയും ദുഃഖത്തിന്റെയും സമ്മിശ്ര വികാരങ്ങൾ പോലെയാണ് സന്ദർശനത്തിനെത്തുന്ന ഒരു ദൈവദാസന്റെ മനസ്സും. വിളവെടുപ്പ് നന്നായിരിക്കുമോ അതോ നിരാശയാണോ എന്നെ കാത്തിരിക്കുന്നത്. അതുമല്ലെങ്കിൽ തീയുടെ അനുഭവത്തിൽ കൂടി പോകേണ്ടി വരുമോ? വീടുപണി, വാഹനം, മിനിസ്ട്രീ ഇത്യാദി സ്വപ്ന പദ്ധതികളുമായി കടന്നു വരുന്നവരാണ് ഏറെയും.

വിസ കിട്ടിക്കഴിഞ്ഞാൽ അമേരിക്ക തേനും പാലും ഒഴുകുന്നദേശമാണ്. നിർഭാഗ്യവശാൽ വിസ കിട്ടാതെ വന്നാലോ സോദോം ഗൊമേറയായി അമേരിക്കയെ കുറിച്ച് പ്രസംഗിക്കും! ഇനി അമേരിക്കയിൽ വന്നിട്ട് ഈ രാജ്യത്തെ തേനും പാലും ഒഴുകുന്ന ദേശമായി പ്രസംഗിച്ചിട്ട് ഇന്ത്യയിൽ ചെന്നു കഴിഞ്ഞാൽ സോദോം ഗൊമോറയായി ചിത്രീകരിക്കുന്ന പുള്ളികളും ഉണ്ട്. ചിലരുടെ നാവ് അവർക്ക് ചാകരയാവുമ്പോൾ മറ്റു ചിലർക്ക് സ്വന്തം നാവ് പാരയായും തീരാറുണ്ട്.

രണ്ട് കൊല്ലത്തിന് മുൻപ് ടെന്നസ്സിയിലുള്ള ഒരു സഭയിൽ ഒരു അതിഥി ശുശ്രൂഷകൻ കടന്നു വന്നു. സഭാ പാസ്റ്റർ വളരെ മാന്യമായി തന്നെ അദ്ദേഹത്തെ പ്രസംഗിക്കാൻ ക്ഷണിച്ചു. സ്വന്തം നിലയിലുള്ള പരിചയപ്പെടുത്തലുകൾക്ക് ശേഷം അദ്ദേഹം അമേരിക്കയിൽ കണ്ട ചില കാര്യങ്ങളെ കുറിച്ച് വാചാലനായി. "ഞാൻ അമേരിക്കയിൽ വന്ന വേളയിൽ ചില ദൈവമക്കളുടെ വീടുകൾ കണ്ടപ്പോൾ അമ്പരന്നു പോയി. ദൈവം ധാരാളമായി അനുഗ്രഹിച്ചല്ലേ എന്ന് ഞാൻ അവരോട് പറഞ്ഞു. വില കൂടിയ കാറുകൾ, മുറികൾക്കുള്ളിൽ സജ്ജീകരിച്ചിട്ടുള്ള ഫർണ്ണീച്ചറുകൾ മുതലായവ എന്നെ വളരെയധികം ആകർഷിച്ചു. കാര്യങ്ങൾ മനസിലാക്കി വന്നപ്പോഴാണ് സംഗതി പന്തിയല്ലെന്ന് എനിക്ക് മനസിലായത്. എല്ലാം ലോണിലാണ് തരപ്പെടുത്തിയിരിക്കുന്നത്". സഭ്യമല്ലാത്ത ചിരിയോടെ ദൈവമക്കളെ പരിഹസിക്കുന്ന നിലയിലേക്ക് അദ്ദേഹത്തിന്റെ വാക്കുകൾ എത്തപ്പെട്ടു. ഇവിടെ പണമുള്ളവനും പണമില്ലാത്തവനും തങ്ങളുടെ ക്രെഡിറ്റ് ഹിസ്റ്ററി നവീകരിക്കുന്നതിനായി മിക്ക സാധനങ്ങളും ക്രെഡിറ്റ് കാർഡിലോ, ലോൺ വ്യവസ്ഥയിലോ വാങ്ങാനാവും ആഗ്രഹിക്കുന്നത്. നിജസ്ഥിതി മനസിലാക്കാതെ വിഡ്ഢിത്തം പ്രസംഗിക്കുമ്പോൾ ഒന്നോർക്കേണ്ടതുണ്ട്. ദൈവമക്കൾ എല്ലാവരും കഷ്ടപ്പെട്ടാണ് ജീവിക്കുന്നത്. അവർ നിങ്ങൾക്ക് തരുന്ന കൈമടക്ക് ലോൺ വ്യവസ്ഥയിലല്ല. അതിഥിയായി കടന്നു വന്ന പാസ്റ്റർക്ക് അവസാനം സഭയുടെ വകയായി 50 ഡോളറിന്റെ കൈമടക്ക് കൊണ്ട് തൃപ്തിപ്പെടേണ്ടി വന്നു.

അടിച്ചുമാറ്റിയ പാട്ടുകളുടെ സിഡിയുമായി മറ്റൊരു പാസ്റ്റർ ആഗതനായത് ഓർമ്മയിൽ വരുന്നു. അദ്ദേഹത്തിന്റെ പ്രസംഗം എല്ലാം ഉഗ്രൻ, സംസാരവും ഇടപെടലും വളരെ മാന്യമായിരുന്നു. പ്രസംഗത്തിന്റെ അവസാനം താൻ 'എഴുതിയ' പാട്ടിന്റെ സിഡി സദസിന് പരിചയപ്പെടുത്തി. പ്രത്യേകിച്ച് വില നിശ്ചയിച്ചിട്ടില്ല. ഇഷ്ടമുള്ളത് കൊടുക്കാം. പലരും സിഡി വാങ്ങി, പിന്നീടാണ് അറിഞ്ഞത് മറ്റൊരു വ്യക്തി എഴുതി ഇറക്കിയ സിഡി ടൈറ്റിലും പേരും അഡ്രസ്സും മാറ്റി ഇദ്ദേഹത്തിന്റെ പേര് വെച്ച് പിടിപ്പിച്ചിരിക്കുകയാണ്. ഈ വിദ്വാന്റെ ചെയ്തികളെ കുറിച്ച് മറ്റു സഭകൾ അറിഞ്ഞതിനാൽ പിന്നീടദ്ദേഹം അമേരിക്കയിൽ വന്നിട്ടില്ല.

'ഒറ്റ ഭാര്യ' സിദ്ധാന്തവുമായി മാവേലിക്കരക്കാരനായ ഒരു പാസ്റ്റർ കടന്ന് വന്നിട്ട് അധികനാളായില്ല. സ്വദേശം മാവേലിക്കര താലൂക്കിലാണെങ്കിലും പ്രവർത്തന മേഖല അങ്ങ് മലബാറിലെ ഏതോ ഭാഗത്താണു പോലും. പ്രസംഗിക്കാനായി സ്റ്റേജിലേക്ക് കയറിയത് തന്നെ പാട്ടോടും ആർപ്പോടും കൂടിയാണ്. മുഖവുര കത്തിക്കയറുകയാണ്, അവസാനം പറഞ്ഞതിങ്ങനെ: "ദൈവകൃപയാൽ അന്നും ഇന്നും എനിക്ക് ഒരു ഭാര്യ". സഭ ഒന്നടങ്കം അന്തിച്ചു നിൽക്കുകയാണ്. എങ്കിലും ഇദ്ദേഹത്തെ അറിയാവുന്നവർക്ക് കാര്യങ്ങൾ പിടികിട്ടി. ഇദ്ദേഹത്തിന്റെ കല്യാണം ഒരു വിവാദത്തിലായിരുന്നു. ബൈബിൾ സ്കൂൾ പഠനം പൂർത്തീകരിക്കുന്നതിന് മുൻപ് തന്നെ സ്കൂളിന്റെ ചുമതലയിലുള്ള സ്വതന്ത്ര പ്രസ്ഥാനം മലബാറിലെ ഒരു ചെറിയ സഭയിൽ പാസ്റ്ററായി നിയമിച്ചു. അവിടെ വരുന്ന ഒരു വിശ്വാസിനിയുമായി വിവാഹ വാഗ്ദാനത്തിൽ ഏർപ്പെടുകയും ചില കൂടിക്കാഴ്ചകൾ അരങ്ങേറുകയും ചെയ്തു. കാര്യങ്ങൾ പന്തിയല്ലെന്ന് മനസിലായപ്പോൾ അദ്ദേഹം തന്റെ സ്വതസിദ്ധമായ ശൈലിയിൽ വിവാഹ വാഗ്ദാനത്തിൽ നിന്നും പിൻമാറി. പക്ഷെ വിശ്വാസിനിയും കുടുംബവും വിട്ടില്ല. പോലീസ് സ്റ്റേഷനിൽ പോകേണ്ട ഘട്ടത്തിൽ വരെയെത്തി. എന്നാൽ ആ മാനഹാനി ഒഴിവാക്കാൻ തന്റെ പ്രസ്ഥാനത്തിലെ ചുമതലക്കാരായ പാസ്റ്റർമാർ ഒത്തു തീർപ്പിനായി മലബാറിലെത്തി. അങ്ങനെ ഉരുത്തിരിഞ്ഞ് ഒത്ത് തീർപ്പ് വ്യവസ്ഥയിൽ മൂന്ന് ആഴ്ചയ്ക്കുള്ളിൽ കല്യാണവും കഴിഞ്ഞു.

ഇദ്ദേഹത്തിന്റെ ഒത്ത് തീർപ്പ് ചർച്ചയിൽ പങ്കെടുത്ത ഒരു പാസ്റ്ററുടെ ഭാര്യാ സഹോദരനും ഇദ്ദേഹം സന്ദർശനത്തിനായി വന്ന സഭയിലുണ്ട്. അതുകൊണ്ട് ഇദ്ദേഹത്തിന്റെ സന്ദർശനത്തിന് മുൻപ് തന്നെ ചില കിംവദന്തികൾ പ്രചരിച്ചിരുന്നു. ആ പ്രചാരണത്തെ തന്റെ 'ഒറ്റ ഭാര്യ' സിദ്ധാന്തത്തിലൂടെ മുളയിലേ തന്നെ നുള്ളാനാണ് അദ്ദേഹം

02

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.